**സബ്മിഷൻ**

(1) <u>വർക്കലയിൽ ജല ഗതാഗത പാത കടന്നുപോകുന്ന ടണലുകളുടെ മോഡിഫിക്കേഷൻ</u>

<u>ശ്രീ. വി. ജോയി</u>: സർ, കേരളത്തിന്റെ വികസന ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായ വികസനമാണ് ദേശീയ ജലഗതാഗത പാതയുമായി ബന്ധപ്പെട്ട് വന്നിരിക്കുന്നത്. കോവളം മുതൽ ബേക്കൽവരെയുള്ളതാണ് ദേശീയ ജലഗതാഗത പാത. ഇതിൽ വേളിമുതൽ വർക്കലവരെയുള്ള ഭാഗങ്ങളിലെ ചെളിയെല്ലാം നിലവിൽ നീക്കം ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ബോട്ട് ജെട്ടികളുടെ നിർമ്മാണം നടന്നുവരികയാണ്. വർക്കല-ചിലക്കൂർ-ശിവഗിരി-നടയറ ഭാഗങ്ങളിലെ കനാലിന്റെ ഭാഗത്ത് താമസിച്ചിരുന്ന ആളുകളുടെ പുനരധിവാസം ഒരു വലിയ പ്രശ്നമായിരുന്നു. എന്നാൽ നാൽപ്പതോളം കുടുംബങ്ങളെ ഇതിനോടകംതന്നെ പുനരധിവസിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 24 പേരെക്കൂടി മാറ്റുന്നതോടെ കനാലിന്റെ വശങ്ങളിൽ താമസിച്ചിരുന്ന ആളുകളെ മുഴുവനായി വർക്കല ഭാഗത്ത് മാറ്റി പാർപ്പിക്കാൻ സാധിക്കുമെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഈ കനാൽ കടന്നുപോകുന്നത് രണ്ട് പ്രധാനപ്പെട്ട തുരങ്കങ്ങളിലൂടെയാണ്. ഒന്ന്, ചിലക്കൂർ ഭാഗത്തുള്ള 300 മീറ്റർ തുരങ്കവും മറ്റൊന്ന് ശിവഗിരി ഭാഗത്തുള്ള എണ്ണൂറോളം മീറ്റർ നീളംവരുന്ന തുരങ്കവുമാണ്. ഈ രണ്ട് തുരങ്കവും ഇപ്പോൾ

വൃത്തിയാക്കിയിട്ടുണ്ട്. പക്ഷെ ആ തുരങ്കങ്ങൾ ശിവഗിരിയിൽ വരുന്ന ലക്ഷക്കണിന് തീർത്ഥാടകർക്കും ട്ടൂറിസ്റ്റുകൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ മാറ്റേണ്ടതുണ്ട്. ഇതിൽ വലിയ തുരങ്കത്തിൽ ശ്രീനാരായണ ഗുരുവിന്റെ ശ്രദ്ധേയമായ ജീവചരിത്രം ആലേഖനം ചെയ്യാൻ കഴിയുമോ? ചെറിയ തുരങ്കത്തിൽ തിരുവിതാംകൂറിന്റെ ചരിത്രം ആലേഖനം ചെയ്താൽ നിശ്ചയമായും ടൂറിസ്റ്റുകൾക്കടക്കം ഉപയോഗപ്രദമാകുന്ന രീതിയിൽ അതിനെ മാറ്റാൻ സാധിക്കും. അത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കുമോയെന്നാണ് ഈ സബ്മിനിലൂടെ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കോവളം-ബേക്കൽ പശ്ചിമതീര കനാൽ വികസനത്തിന്റെ ഭാഗമയുള്ള പ്രവൃത്തികളിൽ വർക്കല ഭാഗത്ത് ധ്രുതഗതിയിൽ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. വർക്കലയിലെ രണ്ട് ടണലുകളിലെയും ചെളിയും മറ്റും നീക്കം ചെയ്തിട്ടുണ്ട്. ഇവയ്ക്കിടയിലുള്ള കനാലിന്റെ പ്രവൃത്തി നടന്നുവരുന്നു. ചിലക്കൂർ ടണലിനുള്ളിൽ ലൈറ്റ്&സൗണ്ട് ഷോ സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരികയാണ്. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ഫണ്ടുപയോഗിച്ച് കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ് ആണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതിനാവശ്യമായ 20 സീറ്റ് കപ്പാസിറ്റിയുള്ള ഇലക്ട്രിക് ബോട്ടിന്റെ

നിർമ്മാണം പൂർത്തിയായി വരുന്നു. ലൈറ്റ്&സൗണ്ട് ഷോയ്ക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. ഇത് പൂർത്തിയാകുന്നതോടെ ശ്രീനാരായണ ഗുരുവിന്റെ ജീവചരിത്രവും തിരുവിതാംകൂറിന്റെ ചരിത്രവുമുൾപ്പെടെ വിവിധ ചരിത്ര സംഭവങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള ലൈറ്റ്&സൗണ്ട് ഷോ പ്രദർശിപ്പിക്കാൻ സാധിക്കും.

## (2) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ സാങ്കേതിക ജീവനക്കാരുടെ അഭാവം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ ഇന്നത്തെ ശോചനീയാവസ്ഥയെക്കുറിച്ചാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇത് 1953-ൽ കോഴിക്കോട് സ്ഥാപിച്ചിട്ടുള്ള ഒരു പ്രസ്സാണ്. അതിനുശേഷം 2001-ൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം നിർമ്മിച്ചാണ് അവിടെ പ്രസ്സ് ആരംഭിച്ചത്. 60 ജീവനക്കാരെങ്കിലും ആവശ്യമായിവരുന്ന സ്ഥാനത്ത് 30 ജീവനക്കാരെ മാത്രമെ നിയമിച്ചിരുന്നുള്ളൂ. എന്നാലും നല്ല നിലയിൽ പ്രസ്സ് പ്രവർത്തിച്ചുവരുന്നുണ്ട്. ഗവൺമെന്റിന്റെ പല പ്രധാനപ്പെട്ട കാര്യങ്ങളും അച്ചടിച്ചിരുന്നത് ഈ പ്രസ്സിലായിരുന്നു. എസ്.എസ്.എൽ.സി. മെയിൻ ഉത്തരക്കടലാസ്, അഡീഷണൽ ഷീറ്റ്, എസ്.എസ്.എൽ.സി. മാതൃകാ ചോദ്യപേപ്പർ എന്നീ

വർക്കുകളും കോഴിക്കോട് മെഡിക്കൽ കോളേജ്, ദന്തൽ കോളേജ്, ഹോമിയോ കോളേജ്, ബീച്ച് ആശുപത്രി എന്നിവയുടെ എല്ലാ വർക്കുകളും അച്ചടിച്ചിരുന്നത് അവിടെയായിരുന്നു. ഇപ്പോൾ ഈ വർക്കുകളെല്ലാം ഷൊർണ്ണൂരുള്ള പ്രിന്റിംഗ് പ്രസ്സിൽ കൊടുത്തുവിട്ടാണ് അച്ചടിക്കുന്നത്. അവിടെ ഇന്ന് വേണ്ടത്ര ജീവനക്കാരില്ല, 26 ജീവനക്കാർ അവിടെ ഉണ്ടെങ്കിലും ഒരു പണിയും ചെയ്യാതെ ശമ്പളം വാങ്ങുന്ന അവസ്ഥയാണ്. തിരുവനന്തപുരത്തുള്ള പല മേലുദ്യോഗസ്ഥരുടെയും ഇടപെടലാണ്... യഥാർത്ഥത്തിൽ, അതിനെ എങ്ങനെയെങ്കിലും പൂട്ടിക്കുകയെന്ന അവസ്ഥയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഞാൻ ഈ അടുത്ത ദിവസം അവിടെ സന്ദർശിച്ചപ്പോൾ അവിടത്തെ അവസ്ഥ കണ്ട് വലിയ സങ്കടമാണുണ്ടായത്. ഒരു പ്രവൃത്തിയും നടക്കാതെ അവിടെയുള്ള മെഷീനുകളെല്ലാം കേടായിക്കൊണ്ടിരിക്കുകയാണ്. അത് ഏറ്റവും നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു സ്ഥാപനമായിരുന്നു. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെട്ടുകൊണ്ട് പ്രശ്നം പരിഹരിച്ച്, പ്രസ്സിനെ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. കോഴിക്കോട്

ഗവൺമെന്റ് പ്രസ്സിന്റെ പ്രവർത്തനത്തിന് ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകളുടെ കുറവ് നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. മറ്റ് പ്രസ്സുകളിലെ ജോലി ഭാരവും സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണവും പരിശോധിച്ച് പുനഃക്രമീകരണം, വർക്കിംഗ് അറേഞ്ച്മെന്റ്, തസ്തിക ഷിഫ്റ്റിംഗ് എന്നിവ നടത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കാൻ അച്ചടിവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(3) റാന്നി-വലിയപാലം അപ്രോച്ച് റോഡ്

ശ്രീ. പ്രമോദ് നാരായൺ: സർ, മലയോര മേഖലയുടെ മനോഹര കവാടമായ റാന്നിയുടെ മുഖച്ഛായതന്നെ മാറ്റാനും പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയെ ആശ്രയിക്കുന്ന ശബരിമല തീർത്ഥാടകർക്കുൾപ്പെടെ പ്രദാനം ചെയ്യുന്ന യാത്രാസൗകര്യങ്ങളിൽ നാഴിക്കക്കല്ലായി മാറാനും കഴിയുന്ന റാന്നി പുതിയപാലത്തിന്റെ നിർമ്മാണം എത്രയുംവേഗം ആരംഭിക്കണമെന്നതാണ് സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

2019 ഫെബ്രുവരിയിൽ ഇതിന്റെ നിർമ്മാണം ആരംഭിച്ചുവെങ്കിലും 2021 മാർച്ചിൽ നിർമ്മാണം നിലയ്ക്കുകയായിരുന്നു. എം.എൽ.എ. എന്ന നിലയിൽ ആദ്യമായി നൽകിയ നിവേദനം പരിഗണിച്ചുകൊണ്ട് മന്ത്രി എന്ന നിലയിലുള്ള പ്രവർത്തനത്തിന്റെ ആദ്യത്തെ ആഴ്ചയിൽത്തന്നെ റാന്നി പാലം

സന്ദർശിക്കാനും ഇതിന്റെ നിർമ്മാണം KRFB-യെ ഏൽപ്പിക്കാനും ആദരണീയനായ പൊതുമരാമത്ത് വകുപ്പുമന്ത്രി നടത്തിയ ഇടപെടൽ ശ്രദ്ധേയമായ ചുവടുവയ്പ്പായിരുന്നു. സ്ഥലം ലഭ്യമാകാത്തതാണ് ഇതിലെ പ്രധാന പ്രശ്നമെന്ന് മനസ്സിലാക്കി റവന്യൂ (എൽ.എ.) വിഭാഗം, കൃഷി, പഞ്ചായത്ത് വകുപ്പുകളുടെയും ജനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെ എം.എൽ.എ. എന്ന നിലയിൽ നിരന്തരമായി സ്ഥലം ഏറ്റെടുക്കാൻവേണ്ടി നടത്തിയ പ്രയത്നത്തിൽ സർക്കാരും മന്ത്രിയും നൽകിയ പിന്തുണയേയും ഈ അവസരത്തിൽ പ്രത്യേകം ഓർക്കുന്നു.

കേരള നെൽവയൽ തണ്ണീർത്തട നിയമം അനുസരിച്ചുള്ള പരിവർത്തനം ഉൾപ്പെടെയുള്ള സങ്കീർണ്ണമായ സ്ഥലമേറ്റെടുക്കൽ പ്രശ്നങ്ങൾ പരിഹരിച്ച് പത്തനംതിട്ട റവന്യൂ (എൽ.എ.) വിഭാഗം, ഉടമസ്ഥർക്ക് നൽകേണ്ട തുക സംബന്ധിച്ച വിശദാംശങ്ങൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ നല്ല പിന്തുണയോടുകൂടി KRFB അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനത്തിന്റെ എസ്റ്റിമേറ്റ് സംബന്ധിച്ചുള്ള തുകയും ഇപ്പോൾ സമർപ്പിച്ചിട്ടുണ്ട്. ശബരിമല വിമാനത്താവളത്തിന്റെകൂടി സാറ്റലൈറ്റ് ടൗണായി മാറുന്ന റാന്നിയുടെ വികസനത്തിന് ഏറ്റവും അനിവാര്യമായ, റാന്നിയിലെ ചിരകാല അഭിലാഷമായ റാന്നി പുതിയപാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി ആരംഭിക്കാൻ നടപടി

സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ച പാലം പ്രവൃത്തിയാണ് ശ്രീ. പ്രമോദ് നാരായൺ ചൂണ്ടിക്കാട്ടിയ റാന്നി-വലിയപാലം നിർമ്മാണം. പ്രവൃത്തിക്ക് 26.76 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിരുന്നു. 317 മീറ്റർ നീളത്തിൽ നടപ്പാതയോടുകൂടി 12 മീറ്റർ വീതിയിലുള്ള പാലം നിർമ്മാണമാണ് നടക്കുന്നത്. നിലവിൽ വെള്ളത്തിലുള്ള ഓപ്പൺ ഫൗണ്ടേഷനും ആകെയുള്ള 56 പൈലുകളിൽ 48 എണ്ണവും 11 പിയറുകളിൽ 9 എണ്ണവും 11 പിയർ ഹെഡ്ഡിൽ 6 എണ്ണവും 28 ലാഡ്ഗർഡുകളിൽ 8 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ സമയത്ത് അപ്രോച്ച് റോഡിനുള്ള സ്ഥലമേറ്റെടുക്കൽ പൂർത്തിയായിരുന്നില്ല. മാത്രവുമല്ല, 22.11 ആർ. സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച് പരിവർത്തനപ്പെടുത്താനുമുണ്ടായിരുന്നു. ഭൂമി ഏറ്റെടുക്കുന്നത് നീണ്ടപ്പോൾ ഫോർകോസ് ചെയ്യുകയും ചെയ്തു. നിലവിൽ ഭൂമി പരിവർത്തനപ്പെടുത്താൻ അനുമതി ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. പ്രമോദ് നാരായൺ ഇതിന്റെ പിന്നാലെത്തന്നെയുണ്ട്. ഭൂമി

ഏറ്റെടുക്കുന്നതിനുള്ള 14.7 കോടി രൂപയുൾപ്പെടെ ശേഷിച്ച പ്രവൃത്തികളുടെ 38.77 കോടി രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ സാമ്പത്തിക അനുമതിക്കായി കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചു. കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമായാലുടൻതന്നെ സാങ്കേതികാനുമതി നൽകിക്കൊണ്ട് ടെണ്ടർ ചെയ്ത് ശേഷിച്ച പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് കാര്യങ്ങൾ എങ്ങനെ പരിഹരിക്കുമെന്നുള്ളതിന് അടിയന്തരമായി കിഫ്ബിയുമായി ബന്ധപ്പെടാനുള്ള ഇടപെടൽ നടത്തുമെന്ന് ബഹുമാനപ്പെട്ട സഭയേയും എം.എൽ.എ.-യേയും അറിയിക്കുകയാണ്.

## (4) അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ്

ശ്രീ. റോജി എം. ജോൺ: സർ, എറണാകുളം നഗരത്തിലെ ഗതാഗത കുരുക്കിന് പൂർണ്ണമായും പരിഹാരം കാണുന്നതിനുവേണ്ടി നിർദ്ദേശിക്കപ്പെട്ട പദ്ധതിയാണ് അക്സസ്-കൺട്രോൾഡായി നിർമ്മിക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട അങ്കമാലി-കുണ്ടന്നൂർ കൊച്ചി ബൈപ്പാസ് പദ്ധതി. ഇന്ന് എറണാകുളം ജില്ലയെ സംബന്ധിച്ചിടത്തോളം അങ്കമാലിയിലായാലും ആലുവയിലായാലും കളമശ്ശേരിയിലായാലും ഇടപ്പള്ളിയിലായാലും വൈറ്റിലയിലായാലും ഈ ദേശീയ പാതയുമായി ബന്ധപ്പെട്ട് പൂർണ്ണമായും അതീവ ഗുരുതരമായ ഗതാഗത കുരുക്ക് നിത്യേന അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിന്

പരിഹാരമായിട്ടാണ് കൊച്ചി ബൈപ്പാസ് അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് നിർദ്ദേശിക്കപ്പെട്ടത്. പക്ഷേ, ഇതിന്റെ തുടർനടപടികളൊന്നുംതന്നെ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചിട്ടില്ല. ഭൂമി ഏറ്റെടുക്കൽ നടപടികളിലേയ്ക്ക് കടക്കാൻ കഴിഞ്ഞിട്ടില്ല. ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം തുക സംസ്ഥാനം വഹിക്കണമെന്നുള്ളതിൽ ഇളവ് നൽകാമെന്ന് കേന്ദ്രം അറിയിച്ചതായി അറിയാൻ സാധിക്കുന്നു. കേന്ദ്രം അതിൽ ഇളവ് നൽകിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ജി.എസ്.റ്റി.-ൽനിന്നും ഇതിനെ ഒഴിവാക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ റോയൽറ്റി ഒഴിവാക്കിക്കൊടുക്കുന്നതിനുമായി കേന്ദ്രം സംസ്ഥാനത്തോട് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് ഇപ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നു. അത് അനുവദിച്ചുകൊടുത്താൽ ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കും. കേരളത്തെ സംബന്ധിച്ചിടത്തോളം, കേരളത്തിന്റെ വ്യവസായ തലസ്ഥാനമാണ് കൊച്ചി. കേരളത്തിന്റെ ഖജനാവിലേയ്ക്ക് ഏറ്റവുംകൂടുതൽ തുക നൽകുന്ന ജില്ലയാണ് എറണാകുളം. ആ ജില്ല അനുഭവിക്കുന്ന അതീവ ഗുരുതരമായ ഗതാഗത കുരുക്കിന് പരിഹാരമെന്ന് പറയുന്നത് ഈ കൊച്ചി ബൈപ്പാസ് തന്നെയാണ്. ഇത് വന്നെങ്കിൽ മാത്രമേ എറണാകുളത്തിന്റെ വികസനം സാധ്യമാകുകയുള്ളൂ. ഗതാഗത പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ

അടിയന്തരമായി ഇടപെട്ട് ഈ പദ്ധതി എത്രയും വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, അങ്കമാലി മുതൽ കണ്ടന്നൂർ വരെ എറണാകുളം ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട റോജി എം. ജോൺ ചൂണ്ടിക്കാട്ടിയത്. വാഹന സാന്ദ്രത വളരെയധികം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്താണ് ദേശീയപാത 544-ൽ ബൈപ്പാസ് വിഭാവനം ചെയ്തത്. ഈ പദ്ധതിയുടെ സ്ഥലമേറ്റെടുക്കലിന്റെ 25 ശതമാനം നൽകുന്നതിൽനിന്നും സംസ്ഥാനത്തെ ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയോട് ആവശ്യപ്പെടുകയും സംസ്ഥാനത്തിന്റെ ആവശ്യം അംഗീകരിക്കുകയും ചെയ്തു. ഇന്ത്യയിൽ ആദ്യമായി ഭൂമി ഏറ്റെടുക്കലിന് 25 ശതമാനം പണം നൽകിയത് കേരളമാണ്. NH 66-ൽ അത് നടപ്പിലാക്കി. അത് അതിനുമുമ്പുള്ള ചില പ്രയാസങ്ങൾ കാരണമായിരുന്നു. ഉപേക്ഷിക്കപ്പെട്ടൊരു പദ്ധതിക്ക് പണം കണ്ടെത്തി. എറണാകുളം ജില്ലയിൽത്തന്നെ NH 66-നുവേണ്ടി 32.6 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 365 കോടിയോളം രൂപയാണ് ഇതിന്റെ സ്ഥലമേറ്റെടുക്കലിനുവേണ്ടി സംസ്ഥാനം ചെലവാക്കിയത്. ഇവിടെ പറയുന്ന

പ്രത്യേക വിഷയം പരിഹരിക്കാൻ, ഈ ഭൂമി ഏറ്റെടുക്കൽ അംഗീകരിച്ചതിനുശേഷം പകരം നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതലതല യോഗം ഇക്കാര്യം പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് തുടർനടപടികൾ കൈക്കൊള്ളാനാണ് മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുള്ളത്. എറണാകുളം ബൈപ്പാസിനായി 424 കോടി രൂപ സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ വളരെ പോസിറ്റീവായ സമീപനമാണ് സംസ്ഥാന സർക്കാരിനുള്ളതെന്ന് സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ദേശീയപാത വികസനം സാധ്യമാക്കുക എന്നതുതന്നെയാണ് ലക്ഷ്യം. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരിച്ച് ഇല്ലാതാക്കാനുള്ള ശ്രമവും അതിനുപിന്നിലെ രാഷ്ട്രീയ താൽപ്പര്യവുമൊക്കെ നമ്മൾ ചർച്ച ചെയ്തതാണ്. അങ്ങനെയുള്ള വലിയ ശ്രമം നടക്കുമ്പോഴും കേരളം അതിനെതിരെ ശക്തമായ പ്രതിരോധം തീർക്കുകയാണ്. അതിനോടൊപ്പംതന്നെ വികസന പ്രവർത്തനങ്ങളിൽ ഒരടിപോലും പിറകോട്ടില്ല. ദേശീയപാത 66-ന്റെ വികസനം, കേരളം കേന്ദ്രത്തിന് നൽകിയ തുക എന്നിവയൊക്കെ നമുക്കറിയാം. നമ്മുടെ

കടമെട്ടപ്പ് പരിധിയിൽ ഉൾപ്പെടുത്തിയ സാഹചര്യം നമ്മൾ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. അപ്പോൾ കടുത്ത പോരാട്ടമാണ് ഇതിനെതിരെയൊക്കെ നടക്കുന്നത്. എന്നാൽ ഇത്തരം വികസന പദ്ധതികൾക്കൂടി സാധ്യമാക്കാൻ എല്ലാ നിലയിലും ഇടപെടുന്നു. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഒരു ദേശീയപാത വികസനത്തിന് കേരളം പണം ചെലവഴിച്ച പദ്ധതി; കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 45 മീറ്റർ 6 വരി 5600 കോടി സംസ്ഥാന സർക്കാർ ഉൾപ്പെടെ ചെലവഴിച്ച പദ്ധതി 2025-ഓടുകൂടി പൂർത്തീകരിക്കാനാകുമെന്നുള്ള വിവരം വീണ്ടും സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(5) <u>വാഗമൺ ടൗൺ വികസനം</u>

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ വാഗമണിലെ ചില പ്രശ്നങ്ങളാണ് സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നത്. കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഇപ്പോൾ നടപ്പിൽവരുത്തുന്ന പ്രവർത്തനങ്ങൾക്ക് എന്റെ ഹൃദയംനിറഞ്ഞ അഭിവാദ്യം അർപ്പിക്കുകയാണ്. അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ വാഗമണിൽ വിനോദസഞ്ചാരികളുടെ തിരക്ക് അനുദിനം വർദ്ധിച്ചുവരികയാണ്. DTPC-യുടെ കണക്കുപ്രകാരം കഴിഞ്ഞ വർഷം ഇടുക്കി ജില്ലയിൽ സന്ദർശനം

നടത്തിയ വിനോദസഞ്ചാരികളുടെ എണ്ണം 28,79,571 ആണ്. അതിൽ 15,25,722 പേർ വാഗമണിൽ എത്തിയ വിനോദസഞ്ചാരികളാണ്. വാഗമണിൽ ഗ്ലാസ് ബ്രിഡ്ജ് വന്നതോടുകൂടി വിനോദസഞ്ചാരികളുടെ എണ്ണം അനിയന്ത്രിതമായി വർദ്ധിക്കുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. 15 വർഷമായി തകർന്നുകിടന്ന ഈരാറ്റുപേട്ട-പീരുമേട്-വാഗമൺ റോഡ് അങ്ങ് മുൻകയ്യെടുത്താണ് ബി.എം.&ബി.സി. നിലവാരത്തിൽ പൂർത്തിയായത്. എന്നാൽ ബാക്കിവരുന്ന വാഗമൺ, ബോനാമി, ടൈഫോർഡ്, മേമല, പള്ളിക്കുന്ന്, പീരുമേട് റോഡ് വീതികൂട്ടി ബി.എം.&ബി.സി. നിലവാരത്തിൽ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. അവധി ദിവസങ്ങളിൽ ട്രാഫിക്കുമൂലം വാഗമണ്ണിലെത്തുന്ന വിനോദസഞ്ചാരികൾ 4 മണിക്കൂർവരെ റോഡിൽ കുടുങ്ങിക്കിടക്കുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ആയതിനാൽ വാഗമൺ ടൗൺ വികസനം, വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യം മെച്ചപ്പെടുത്തൽ, ടോയ്‌ലറ്റ് കോംപ്ലക്സുകളുടെ നിർമ്മാണം, റോഡുകൾ രണ്ടുവരി പാതയാക്കൽ എന്നിവയ്ക്ക് സമഗ്രമായൊരു പാക്കേജ് നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, രാജ്യാന്തര തലത്തിൽത്തന്നെ ശ്രദ്ധിക്കപ്പെടുന്ന

വിനോദസഞ്ചാര കേന്ദ്രമായി വാഗമൺ മാറിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ കണക്കുകൾ ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. വാഗമണ്ണിലെ വിനോദസഞ്ചാര വികസനത്തിന് വൈവിദ്ധ്യമാർന്ന പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കിയത്. ഗ്ലാസ് ബ്രിഡ്ജിന്റെ കാര്യം പറഞ്ഞു. അത് വലിയ മാറ്റം ആ ടൂറിസ്റ്റ് കേന്ദ്രത്തിലുണ്ടാക്കി. പലയിടങ്ങളിൽനിന്നും ആളുകൾ അവിടെ വരുന്നുണ്ട്. അതിനനുസരിച്ച് സൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടതുണ്ട്. അഡ്വഞ്ചർ പാർക്കിൽ അതിനനുസരിച്ചുള്ള സൗകര്യങ്ങളൊരുക്കാൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോഴവിടെ പുതുതായി ടോയ്ലെറ്റ് സംവിധാനമുൾപ്പെടെ വന്നിട്ടുണ്ട്. മറ്റ് പ്രയാസങ്ങളെല്ലാം പരിഹരിച്ചുപോകാനാണ് പൊതുവെ ആലോചിക്കുന്നത്. അതിനുവേണ്ടി ഉദ്യോഗസ്ഥരെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ചൂണ്ടിക്കാട്ടിയ, തിരക്കിനനുസരിച്ച് പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കണമെന്ന ആവശ്യത്തോട് വളരെ പോസിറ്റീവായ സമീപനമാണുള്ളത്. വാഗമൺ-പീരുമേട് റോഡിന്റെ ഒരു ഭാഗമാണ് പി.ഡബ്ല്യൂ.ഡി.-യുടെ കയ്യിലുള്ളത്. മറുഭാഗം വേറെ വകുപ്പിന്റേതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. വാഴൂർ സോമൻ സൂചിപ്പിച്ചതുപോലെ, വാഗമണ്ണിലേയ്ക്കുള്ള റോഡുകളുടെ വികസനം ഘട്ടംഘട്ടമായി നടപ്പിലാക്കാനാകുമോ എന്ന കാര്യം പരിശോധിച്ച് നിലപാട്

സ്വീകരിക്കുമെന്ന് സഭയെ ഞാൻ അറിയിക്കുകയാണ്.

## (6) തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കൽ

ശ്രീ. മാത്യു ടി. തോമസ്: സർ, 2016-17-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതിയാണ് തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ്. അതിന്റെ സ്ഥലമെടുപ്പ് പ്രവൃത്തികൾ കുറേക്കാലമായി മുടങ്ങിക്കിടക്കുകയാണ്. 2023 ജനുവരിയിലെ സർക്കാർ ഉത്തരവ് പ്രകാരം സിൽവർലൈൻ സ്ഥലമെടുപ്പിനായി പത്തനംതിട്ട ജില്ലയിൽ അനുവദിച്ചിരുന്ന സ്പെഷ്യൽ തഹസിൽദാർ ഓഫീസ് കിഫ്ബി പ്രവൃത്തികൾക്കുള്ള സ്ഥലമെടുപ്പിനായി മാറ്റുകയുണ്ടായി. ടി ഓഫീസ് പ്രവർത്തനം ആരംഭിച്ചെങ്കിലും ഡി.ഡി.ഒ. കോഡ് അനുവദിക്കാത്തതിനാൽ ഓഫീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലായിരുന്നു. ഇപ്പോൾ ഡി.ഡി.ഒ. കോഡ് അനുവദിച്ചു. എന്നാൽ ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല. ഇതുമൂലം ഓഫീസ് സ്റ്റേഷനറി, ഫർണിച്ചറുകൾ, ഓഫീസിലേയ്ക്ക് ആവശ്യമായ സാമഗ്രികൾ എന്നിവയൊന്നും ക്രമീകരിക്കാൻ സാധിക്കുന്നില്ല. ഇതിനേക്കാൾ പ്രധാനപ്പെട്ട വിഷയം, 21 കിലോമീറ്റർ നീളമുള്ള ഇവിടത്തെ സർവ്വേ ജോലികൾ ചെയ്യൽ പദ്ധതിക്കായി ആവശ്യത്തിന് സർവ്വേയർമാരില്ല. അതിനാൽ എല്ലാം മന്ദഗതിയിലാണ് നടക്കുന്നത്. ഈ

ന്യൂനതകൾ പരിഹരിച്ച് സ്ഥലമെടുപ്പ് പ്രവൃത്തി വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, പത്തനംതിട്ട സിൽവർലൈൻ സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിലെ ജീവനക്കാരെ 13-01-2023-ലെ സ.ഉ.(സാധാ) നം. 246/2023/റവ. നമ്പർ ഉത്തരവ് പ്രകാരം പത്തനംതിട്ട കിഫ്ബിയുമായി ബന്ധപ്പെട്ട ലാൻഡ് അക്വിസിഷൻ ജോലികൾക്ക് പുനർവിന്യസിപ്പിച്ചിട്ടുള്ളതും കായംകുളം കിഫ്ബിയിൽനിന്നും കൈമാറിയ ഏകദേശം 8 പദ്ധതികളുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പ്രസ്തുത ഓഫീസിൽ നടന്നുവരുന്നതുമാണ്.

സിൽവർലൈൻ പദ്ധതിക്ക് അനുവദിച്ച പഴയ DDO കോഡ് ഈ ഓഫീസിന് അനുവദിച്ചിട്ടുള്ളതും 18-01-2024-ലെ സ.ഉ.(സാധാ) നം. 497/2024/ധന. ഉത്തരവുപ്രകാരം 2053-00-094-43-01-01-NP(v) എന്ന ശീർഷകത്തിന്റെ ഡ്രോയിംഗ് & ഡിസ്ബേഴ്സ്മെന്റ് ആഫീസറായി തഹസിൽദാരെ നിയമിച്ചിട്ടുള്ളതുമാണ്. ഓഫീസ് കെട്ടിടത്തിന്റെ വാടക, ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, ഇന്റർനെറ്റ് ചാർജ്ജ് ഇവയ്ക്കുള്ള ഫണ്ട്, സ്റ്റേഷനറി സാധനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ഫണ്ട് അർത്ഥനാധികാരി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

അർത്ഥനാധികാരിയിൽനിന്ന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് വികസനത്തിനായി പത്തനംതിട്ട ജില്ലയിലെ തിരുവല്ല, കുറ്റപ്പുഴ, മല്ലപ്പള്ളി, കുന്നന്താനം, കല്ലൂപ്പാറ, ആനിക്കാട് വില്ലേജുകളിലുൾപ്പെട്ട 2.0305 ഹെക്ടർ ഭൂമിയും കോട്ടയം ജില്ലയിലെ പായിപ്പാട്, നെടുംകുന്നം വില്ലേജുകളിലുൾപ്പെട്ട 0.03530 ഹെക്ടർ ഭൂമിയുമാണ് ഏറ്റെടുക്കാനുള്ളത്. സാമൂഹികാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതിയെ രൂപീകരിച്ചിട്ടുള്ളതും സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് സെക്ഷൻ 8(2) തീരുമാനം 17-03-2022-ലെ സ.ഉ.(കൈ) 77/2022/റവ. പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 14, 1-ാം proviso പ്രകാരം (30-07-2024 വരെ) ദീർഘിപ്പിച്ച് നല്കിയിട്ടുള്ളതാണ്. നിലവിൽ തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ സ്ഥലമെടുപ്പ് പദ്ധതിക്കായി തിരുവല്ല, കുറ്റപ്പുഴ, പായിപ്പാട്, കുന്നന്താനം വില്ലേജുകളിൽ പൂർണ്ണമായും കല്ലൂപ്പാറ വില്ലേജിൽ ഭാഗികമായും റോഡിന്റെ ഇരുവശങ്ങളിലുമുള്ള കക്ഷികൾക്ക് നോട്ടീസ് നൽകി വിവരശേഖരണം നടത്തിയിട്ടുള്ളതാണ്. കുറ്റപ്പുഴ, പായിപ്പാട് വില്ലേജ് പരിധിയിലുള്ള

സ്ഥലത്തെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും കുന്നന്താനം വില്ലേജിൽ 65 ശതമാനം സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും കുറ്റപ്പുഴ, പായിപ്പാട് വില്ലേജ് പരിധിയിൽ 11(1) വിജ്ഞാപനത്തിന് ആവശ്യമായ റെക്കോർഡുകൾ തയ്യാറാക്കിവരുന്നതുമാണ്. സ്ഥലത്ത് നിലവിൽ താമസമില്ലാത്തവർക്ക് നോട്ടീസ് നടത്തുന്നതിനും വിവരശേഖരണത്തിനും സാധിച്ചിട്ടില്ലാത്തതുമാണ്. 4 സർവ്വേയർമാരുടെ ഒഴിവുണ്ടെങ്കിലും നിലവിൽ 2 സർവ്വേയർമാർ മാത്രമാണ് ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നത്. ആവശ്യമായ സർവ്വേയർമാരെ വിന്യസിച്ചുകൊണ്ടും ഓഫീസ് ക്രമീകരണം കൂടുതൽ കാര്യക്ഷമമാക്കിക്കൊണ്ടും സ്ഥലമെടുപ്പ് ജോലികൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (7) <u>നഷ്ടപരിഹാരം</u>

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വിഴിഞ്ഞം-മംഗലപുരം റിംഗ് റോഡുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ വന്ന് ഒന്നര വർഷം കഴിഞ്ഞിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വിഴിഞ്ഞം, വെങ്ങാനൂർ, ബാലരാമപുരം വില്ലേജുകളുൾപ്പെടെ 24 വില്ലേജുകളിലായി ഏഴായിരത്തോളം ഭൂവുടമകളെ ബാധിക്കുന്ന സുപ്രധാനമായ വിഷയമാണ്.

ഇക്കാര്യത്തിൽ 3(എ) നോട്ടിഫിക്കേഷൻ വന്നതിനുശേഷം 3(ഡി) നോട്ടിഫിക്കേഷൻ വരാത്തതുകൊണ്ട് 24 വില്ലേജുകളിൽ 11 എണ്ണത്തിൽ മാത്രമാണ് ഇപ്പോൾ നടപടികൾ തുടർന്നുകൊണ്ടിരിക്കുന്നത്. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, കേന്ദ്ര ഗവൺമെന്റ് 45 മീറ്റർ വീതിയിലാണ് ഈ റോഡ് നിർമ്മിക്കാൻ പറഞ്ഞിരിക്കുന്നത്. അതിലെ സർവ്വീസ് റോഡിന്റെ നിർമ്മാണത്തിനുള്ള കോസ്റ്റും ഭൂമി ഏറ്റെടുക്കുന്നതിനുള്ള 50 ശതമാനം കോസ്റ്റും സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് കേന്ദ്ര സർക്കാർ പറഞ്ഞിരിക്കുന്നത്. ഇത് സംബന്ധിച്ച് ജി.എസ്.ടി.-യും റോയൽറ്റിയും ഒഴിവാക്കിയാൽ അത് സമ്മതിക്കാമെന്ന് കേന്ദ്ര സർക്കാർ പറഞ്ഞിട്ടുണ്ട്. പക്ഷേ ഇത് സംബന്ധിച്ച് ഇതുവരെയും ചർച്ച നടത്തുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. ഭൂവുടമകളെ സംബന്ധിച്ചിടത്തോളം അവർക്ക് ഭൂമി ക്രയവിക്രയം ചെയ്യാനോ, ലോൺ എടുക്കാനോ, മറ്റ് യാതൊരു രീതിയിലുള്ള കാര്യങ്ങൾ നിർവ്വഹിക്കാനോ കഴിയുന്നില്ല. മാത്രമല്ല, വിഴിഞ്ഞം വില്ലേജിൽപ്പെട്ട 73 വീടുകൾ ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള സർക്കാർ ആനുകൂല്യങ്ങൾ ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന നഷ്ടപരിഹാരം ഉപയോഗിച്ച് അവർക്ക് പുതുതായി സ്ഥലം വാങ്ങി വീട് വയ്ക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇക്കാര്യം പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട്

ഗവൺമെന്റ് അവർക്ക് ന്യായമായ ഭൂമി വാങ്ങി നൽകി, വീട് വയ്ക്കാനുള്ള പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇതിലേയ്ക്കായി ആദ്യഘട്ടത്തിൽ 1797 കോടി രൂപയാണ് കോമ്പൻസേഷൻ കൊടുക്കാനുള്ളത്. കഴിഞ്ഞ ബഡ്ജറ്റിൽ 1000 കോടി രൂപ വകയിരുത്തിയെങ്കിലും തുകയൊന്നുംതന്നെ കൊടുത്തില്ല. ഈ ബഡ്ജറ്റിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇങ്ങനെ വരുമ്പോൾ ഇത് നീണ്ടുപോകുകയും ഭൂവുടമസ്ഥർക്ക് നഷ്ടപരിഹാരം ലഭിക്കാതെ പോകുകയും ചെയ്യും. അതുകൊണ്ട് അടിയന്തരമായി അവർക്ക് നഷ്ടപരിഹാരം കൊടുക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള 77.7 കി.മീ. ദൂരം ദേശീയപാത - 866-നുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി 28-10-2022-ൽ 3(എ) വിജ്ഞാപനം എസ്.ഒ. 5065 ആയി കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും 11 വില്ലേജുകളിലെ 100 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 3(ഡി) വിജ്ഞാപനം പ്രസിദ്ധീകരിച്ച് അവാർഡ് എൻക്വയറി നടത്തി രേഖകൾ ഭൂവുടമകളിൽനിന്നും വാങ്ങി സ്പെഷ്യൽ തഹസിൽദാർ ആഫീസിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്.

Main Carriage Way (45 മീ.)-ക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുകയുടെ 50 ശതമാനം ഷെയർ ചെയ്യുക, സംസ്ഥാന ജി.എസ്.ടി.-യും റോയൽറ്റിയും ഒഴിവാക്കുക, 45 മീറ്ററിനുള്ളിൽ സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിക്കുക എന്നീ വ്യവസ്ഥകൾക്ക് വിധേയമായാണ് ഭാരത്മാല പരിയോജനയുടെ കീഴിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിക്ക് Ministry of Road Transport & Highways (MORTH) അംഗീകാരം നൽകിയിട്ടുള്ളത്.

എന്നാൽ, ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുകയുടെ 50 ശതമാനം ഷെയർ സംസ്ഥാന സർക്കാർ വഹിക്കുക, സംസ്ഥാന ജി.എസ്.ടി.-യും റോയൽറ്റിയും ഒഴിവാക്കുക എന്ന വ്യവസ്ഥകൾക്ക് സർക്കാർ തത്വത്തിൽ അനുകൂലമായ തീരുമാനം കൈക്കൊണ്ടുകൊണ്ട് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും സാധാരണഗതിയിൽ ദേശീയ പാത അതോറിറ്റിയാണ് ദേശീയ പാതകളോട് അനുബന്ധമായ സർവ്വീസ് റോഡ് നിർമ്മിക്കുന്നത് എന്നതിനാൽ ഔട്ടർ റിംഗ് റോഡിന്റെ കാര്യത്തിലും ദേശീയ പാത അതോറിറ്റിതന്നെ സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനുള്ള ചെലവ് വഹിച്ചുകൊണ്ട് ആയത് സംസ്ഥാന സർക്കാർ വഹിക്കണമെന്ന നിബന്ധന ഒഴിവാക്കണമെന്ന സർക്കാർ ആവശ്യത്തിന്മേൽ ദേശീയപാത അതോറിറ്റി (NHAI)-യുമായി ചർച്ച നടന്നുവരികയാണ്. ഈ വിഷയത്തിൽ

അന്തിമ തീരുമാനം കൈക്കൊള്ളാത്തതിനാൽ 3(ഡി) നോട്ടിഫിക്കേഷൻ ബാക്കിയുള്ള 12 വില്ലേജുകളിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതുമാണ്.

ആകെ ഭൂമി ഏറ്റെടുക്കേണ്ട 23 വില്ലേജുകളിൽ ബാക്കിയുള്ള 12 വില്ലേജുകളുടെ 3(ഡി) നോട്ടിഫിക്കേഷൻ ഭൂമിരാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്തുവെങ്കിലും 3(ഡി) വിജ്ഞാപനം കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ 3(എ) വിജ്ഞാപനത്തിന്റെ കാലാവധി 27-10-2023-ൽ റദ്ദായി പോയിട്ടുള്ളതുമാണ്.

ദേശീയപാതാ അതോറിറ്റി പ്രോജക്ട് അംഗീകരിച്ച് കത്ത് നൽകിയാൽ വീണ്ടും 12 വില്ലേജുകളുടെ ഭൂമി ഏറ്റെടുക്കലിനായി 3(എ) വിജ്ഞാപനം ഭൂമിരാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിച്ച് 3(സി) വിചാരണ നടത്തി വീണ്ടും 3 (ഡി) 'ഭൂമി രാശി' പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് ദേശീയപാത വിഭാഗം അംഗീകരിച്ച് കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ശേഷം, ദേശീയപാതാ അതോറിറ്റിയിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതും 23 വില്ലേജുകളുടെ 3(ജി) ദേശീയപാതാ വിഭാഗം അംഗീകരിക്കുന്നതും അവാർഡ് പാസാക്കി നഷ്ടപരിഹാരം വിതരണം ചെയ്ത് ഭൂമി റോഡ് നിർമ്മാണത്തിന് ഏറ്റെടുത്ത് കൈമാറുന്നതാണ്.

വിഴിഞ്ഞം മുതൽ നാവായിക്കുളംവരെയുള്ള നിർദ്ദിഷ്ട ഔട്ടർ റിംഗ് റോഡിന്റെയും വികസന ഇടനാഴിയുടെയും സമയബന്ധിതമായ നിർമ്മാണം ഉറപ്പാക്കുന്നതിനുള്ള എല്ലാ നടപടിയും സർക്കാർ സ്വീകരിക്കുന്നതാണ്.

(8) തൂക്കുപാലങ്ങളുടെ അറ്റകുറ്റപ്പണി

ശ്രീ. അനൂപ് ജേക്കബ്: സർ, പിറവം നിയോജകമണ്ഡലത്തിലെ പാഴൂർ, കളമ്പൂർ എന്നിവിടങ്ങളിലെ തൂക്കുപാലങ്ങൾ നിർമ്മാണശേഷം അറ്റകുറ്റപ്പണികൾ നടത്താൻ കഴിയാത്തതിനാൽ അപകടാവസ്ഥയിലായിരിക്കുകയാണ്. പാലങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പാലങ്ങളുടെ മേൽനോട്ടം സംബന്ധിച്ച ഉടമസ്ഥാവകാശം നിർണ്ണയിച്ചുനൽകാനും ഇപ്പോൾ അടിയന്തരമായി ദുരന്തനിവാരണ ഫണ്ടിൽനിന്ന് തുക അനുവദിച്ച് ഈ രണ്ട് തൂക്കുപാലങ്ങളും അപകട രഹിതമാക്കി സഞ്ചാരയോഗ്യമാക്കി കൊണ്ടുപോകണമെന്നുള്ളതാണ് സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്. ഇതിനോടനുബന്ധിച്ച് നിർമ്മിച്ച തമ്മാനിമറ്റം തൂക്കുപാലം 2018-ലെ പ്രളയത്തിൽ ഒഴുകിപ്പോയി. അത് പുനർനിർമ്മിക്കാൻ റീബിൽഡ് കേരളയിൽ പദ്ധതി വിഭാവനം ചെയ്യുകയും അതിന്റെ ടെണ്ടർ നടപടികളിലേയ്ക്ക് പോയിട്ടുണ്ടെങ്കിലും അതിന്റെ നിർമ്മാണം ആരംഭിക്കുന്ന കാര്യം ഇപ്പോഴും അനന്തമായി നീണ്ടു

പോകുകയാണ്. ഇപ്പോൾ അടിയന്തരമായി ചെയ്യേണ്ടത്, നിലവിലുള്ള പാഴൂർ, കളമ്പൂർ തൂക്കുപാലങ്ങൾ ഈ പദ്ധതിയിലുൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്താനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നുള്ളതാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, സംസ്ഥാനത്തെ വിവിധ ജില്ലകളിൽ KEL (Kerala Electrical and Allied Engineering Company) മുഖേന നിർമ്മിച്ചതും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ അപകടാവസ്ഥയിലുള്ള വിവിധ തൂക്കുപാലങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടെയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെയോ (SDRF) മാനദണ്ഡപ്രകാരം തുക അനുവദിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ പാലങ്ങളുടെ ഉടമസ്ഥാവകാശം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകേണ്ടതും അപകട സാധ്യത ഒഴിവാക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണെന്ന് 01-08-2018-ലെ DM1/48/2017-DMD നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു.

KEL (Kerala Electrical and Allied Engineering Company) മുഖേന 2014-ൽ പൂർത്തീകരിച്ച പാഴൂർ പെരുംതൃക്കോവിൽ-കക്കാട് ഇരുമ്പുപാലത്തിന്റെ ഉടമസ്ഥാവകാശം പിറവം നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത നഗരസഭയുടെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്.

പിറവം നഗരസഭയ്ക്ക് ഫണ്ട് അപര്യാപ്തതയുള്ളതിനാൽ ഇരുമ്പുപാലങ്ങളുടെ അറ്റകുറ്റപണികൾ നടത്താൻ കഴിഞ്ഞിട്ടില്ല. പാഴൂർ പെരുംതൃക്കോവിൽ-കക്കാട് ഇരുമ്പുപാലത്തിന്റെ അറ്റകുറ്റപണികൾക്കായി 20,40,000/- (ഇരുപതുലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് KEL തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും നഗരസഭയുടെ/പഞ്ചായത്തിലെ ഫണ്ട് അപര്യാപ്തത മൂലമാണ് പാലങ്ങളുടെ അറ്റകുറ്റപണികൾ നടത്താൻ സാധിക്കാതിരുന്നതെന്ന ജില്ലാകളക്ടറുടെ വിശദീകരണത്തോടൊപ്പം പാഴൂർ-കക്കാട് ഇരുമ്പുപാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായുള്ള 20,40,000/- (ഇരുപത് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. SDRF-ൽ നിന്നും തുക അനുവദിച്ചുകൊണ്ട് ഇരുമ്പുപാലത്തിന്റെ അറ്റകുറ്റപണികൾ നടത്തണമെന്ന ജില്ലാ കളക്ടറുടെ ശിപാർശയിന്മേൽ ദുരന്ത നിവാരണ കമ്മീഷണറുടെ അഭിപ്രായം

തേടിയിരിക്കുകയാണ്; ആയത് ലഭ്യമായിട്ടില്ല. അടിയന്തരമായി ദുരന്ത നിവാരണ കമ്മീഷണറുടെ അഭിപ്രായം ലഭ്യമാക്കി പ്രസ്തുത വിഷയത്തിൽ നിയമാനുസൃതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

കളനൂർ തൂക്കുപാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നത് സംബന്ധിച്ച എസ്റ്റിമേറ്റ് KEL ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടില്ല. എസ്റ്റിമേറ്റ് ജില്ലാ കളക്ടറിൽനിന്നും വാങ്ങി ആയതിലും SDRF-ൽനിന്നും തുക അനുവദിച്ചുകൊണ്ട് അറ്റകുറ്റപണി നടത്താൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതായിരിക്കും.

(9) <u>തൃപ്പൂണിത്തുറ ചൂരക്കാട് വെടിക്കെട്ട് അപകടം</u>

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, അനധികൃതമായി സൂക്ഷിച്ചു വച്ചിരുന്ന വെടിക്കെട്ട് സാമഗ്രികൾ പൊട്ടിത്തെറിച്ചതിനെത്തുടർന്ന് ഇന്നലെ തൃപ്പൂണിത്തുറയിൽ വലിയ ദുരന്തം ഉണ്ടായിരിക്കുകയാണ്. ഈ പൊട്ടിത്തെറിയിൽ രണ്ടുപേർ മരിക്കുകയും നിരവധിയാളുകൾ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയുമാണ്. മുന്നൂറോളം വീടുകളാണ് തകർന്നത്. യുദ്ധഭൂമിയിൽ ബോംബാക്രമണത്തെത്തുടർന്ന് വീടുകളും കെട്ടിടങ്ങളും തകരുന്നതുപോലെ അവിടെ ചെറുതും വലുതുമായ മുന്നൂറോളം കെട്ടിടങ്ങളാണ് കേടുപാടുകൾ സംഭവിച്ച് തകർന്നിരിക്കുന്നത്. മിനിയാന്ന് പാലുകാച്ചിയ

വീടുപോലും ഈ ദുരന്തത്തിൽ തകർന്നു. പൂർണ്ണമായും തകർന്ന പതിനഞ്ചോളം വീടുകളുണ്ടെന്നാണ് കണക്ക്. റവന്യൂ ഡിപ്പാർട്ടുമെന്റ് അതുസംബന്ധിച്ച കണക്കുകൾ ഇന്നലെ ശേഖരിച്ചിട്ടുണ്ട്. ചെറിയതോതിൽ കേടുപാടുകൾ പറ്റിയ വീടുകളും ഗ്ലാസ്സുകൾ പൊട്ടിത്തെറിച്ച വീടുകളും വാസയോഗ്യമല്ലാതായിരിക്കുകയാണ്. ഇന്നലെ അവിടെയുള്ള ആളുകൾക്ക് പുറത്തുപോയി താമസിക്കേണ്ടി വന്നു. വലിയൊരു ദുരന്തമാണ് അവിടെ സംഭവിച്ചത്. ഇത് എങ്ങനെ സംഭവിച്ചു, ഇതിന് നിശബ്ദമായി കണ്ണടച്ചുകൊടുത്ത അനധികൃതരായ ഉദ്യോഗസ്ഥരുണ്ടോയെന്ന് പരിശോധിക്കണം. ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നവരുടെ ചികിത്സാ ചിലവ് പൂർണ്ണമായും ഗവൺമെന്റ് വഹിക്കണം. സാധാരണഗതിയിൽ ഒരു വെള്ളപ്പൊക്കക്കെട്ടുതി ഉണ്ടായാൽപ്പോലും ഉണ്ടാകാത്തതിനേക്കാൾ വലിയ ദുരന്തമാണ് ഈ പ്രദേശത്ത് ഉണ്ടായിരിക്കുന്നത്. രണ്ടു മൂന്ന് കിലോമീറ്റർ അകലെയുള്ള വീടുകൾക്കുപോലും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നികത്താനാകാത്ത നഷ്ടമാണ് ഓരോ കുടുംബങ്ങൾക്കും ഉണ്ടായിട്ടുള്ളത്. ഗവൺമെന്റ് ഈ കാര്യത്തിൽ ഉദാരമായ നിലപാട് സ്വീകരിച്ച് വീടുകൾ പുനർനിർമ്മിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും സഹായം നൽകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ബഹുമാന്യനായ ശ്രീ. കെ. ബാബു, എം.എൽ.എ. അതീവ ഗൗരവതരമായ ഒരു പ്രശ്നമാണ് സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. തൃപ്പൂണിത്തുറ ചൂരക്കാട് പടക്ക സ്റ്റോറേജിൽ 2024 ഫെബ്രുവരി 12-ന് ഉണ്ടായ സ്ഫോടനം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ ഗൗരവത്തോടെയാണ് സർക്കാർ വീക്ഷിക്കുന്നത്. തൃപ്പൂണിത്തുറ പുതിയകാവ് ദേവീ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് കരിമരുന്ന് കത്തിക്കുന്നതിന് വാഹനമാർഗ്ഗം കൊണ്ടുവന്ന കരിമരുന്ന് കണയന്നൂർ താലൂക്ക്, നടമ തെക്കുംഭാഗം വില്ലേജിൽ, ചൂരക്കാട് ബസ് സ്റ്റോപ്പിന് പടിഞ്ഞാറുമാറി YMA റോഡിൽ സഹകരണ സംഘത്തിന് സമീപത്തുള്ള വസ്തുവിൽ വച്ച് രാവിലെ 10.30-ന് വൻ സ്ഫോടനത്തോടെ കത്തുകയുണ്ടായി. ഈ സ്ഫോടനത്തിൽ രണ്ടുപേർ കൊല്ലപ്പെടുകയും കരിമരുന്ന് കൊണ്ടുവന്ന വാഹനവും കരിമരുന്ന് സൂക്ഷിച്ചിരുന്ന വീടും പൂർണ്ണമായും കത്തി നശിക്കുകയും ചെയ്തു. സ്ഫോടനം നടന്ന സ്ഥലത്തു നിന്നും 100-150 മീറ്റർ ചുറ്റളവിലുള്ള വീടുകൾക്ക് വൻ നാശനഷ്ടങ്ങളുണ്ടാകുകയും വീടുകളിലും പരിസരത്തുമുണ്ടായിരുന്ന വാഹനങ്ങൾക്ക് നാശനഷ്ടം

സംഭവിച്ചതായി പ്രാഥമിക പരിശോധനയിൽ മനസ്സിലായിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഗൃഹപ്രവേശം കഴിഞ്ഞ് തൊട്ടടുത്ത ദിവസം തന്നെ വീട് നശിച്ചതിനെക്കുറിച്ചുള്ള വിവരങ്ങൾ വരെ ലഭ്യമായിട്ടുണ്ട്. പുതിയകാവ് ദേവീക്ഷേത്ര ഭാരവാഹികൾക്ക് സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്നതിനോ വെടിക്കെട്ട് നടത്തുന്നതിനോ ലൈസൻസോ അനുമതിയോ ഉള്ളതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്താനായിട്ടില്ല. ഈ സംഭവത്തിൽ തിരുവനന്തപുരം ഉള്ളൂർ നിവാസിയായ 27 വയസ്സുള്ള വിഷ്ണു, 55 വയസ്സുള്ള ദിവാകരൻ (അദ്ദേഹത്തിന്റെ സ്ഥലവും മറ്റു വിവരങ്ങളും ലഭ്യമാകുന്നതേയുള്ളൂ) എന്നിവർ മരണപ്പെടുകയും 21 പേർക്ക് പരിക്കുപറ്റി വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുകയുമാണ്. പോലീസ്, ഫയർഫോഴ്സ് ഉൾപ്പെടെയുള്ള സേനാംഗങ്ങൾ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. സ്ഫോടനത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ള എല്ലാ വീടുകളുടേയും സ്ഥാപനങ്ങളുടേയും വിവരങ്ങൾ റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ ശേഖരിച്ചു വരുന്നുണ്ട്. സ്ഫോടനം നടന്ന പ്രദേശത്തുള്ള പുഷ്പാഞ്ജലി ഓഡിറ്റോറിയത്തിൽ വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ ഹെൽപ്പ് ഡെസ്കും ദുരിതാശ്വാസ ക്യാമ്പും സജ്ജീകരിച്ചിട്ടുണ്ട്. എല്ലാ ദുരന്തഘട്ടങ്ങളിലും മാനദണ്ഡങ്ങൾക്കനുസരിച്ച്

സർക്കാർ ആവശ്യമായ സഹായങ്ങൾ നൽകിവരാറുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി, പരിശോധന നടത്തിയാണ് ഈ നടപടിക്രമങ്ങൾ പൂർത്തീകരിക്കുക. ആ വിധത്തിൽത്തന്നെ ഇക്കാര്യത്തിലും ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതായിരിക്കും.

അരൂരിലെ കുടിവെള്ള ക്ഷാമം

ശ്രീമതി ദെലീമ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രശ്നം കുടിവെള്ളമാണ്. ബഹുമാനപ്പെട്ട മിനിസ്റ്ററുടെ കീഴിലുള്ള ഉദ്യോഗസ്ഥരെ ഫോണിൽ വിളിക്കുമ്പോൾ അവർ അതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. തീരപ്രദേശമായതിനാൽ, ഒരു ഭാഗത്ത് കടലും മൂന്നു ഭാഗത്ത് കായലുമായി കിടക്കുന്ന പ്രദേശമാണ്. പത്ത് പഞ്ചായത്തുകളിൽ - തുറവൂർ, കുത്തിയതോട്, കോടൻതുരുത്ത്, എഴുപുന്ന, അരൂർ - ഇതിന്റെ തീരപ്രദേശങ്ങളിലുള്ള മനുഷ്യർക്ക് കുടിവെള്ളം കിട്ടാത്തത് വളരെയധികം കഷ്ടമാണ്. ഇവിടെ മത്സ്യ സംസ്കരണ ശാലകൾ ഉള്ളതുകൊണ്ട് ബോർവെൽ ഉപയോഗിക്കാൻ സാധിക്കുകയില്ല. പഴയ കാലഘട്ടങ്ങളിൽ ഉപയോഗിച്ചിരുന്ന കിണറുകളും കുളങ്ങളുമെല്ലാം ഇപ്പോൾ

മലിനമാണ്. ജപ്പാൻ കുടിവെള്ളം വന്നതോടുകൂടി അവ ഉപയോഗിക്കാതെ മലിനമായി. ദേശീയ പാത 66-ന്റെ പണിയുമായി ബന്ധപ്പെട്ട് ആ ഭാഗങ്ങളിലൂടെ പോകുന്ന പൈപ്പുകളെല്ലാം പൊട്ടുന്ന അവസ്ഥയാണ്. ഇങ്ങനെ പൈപ്പുകൾ പൊട്ടുമ്പോൾ തീരദേശത്തുള്ളവർക്ക് കുടിവെള്ളം ലഭിക്കുന്നില്ല. മൂവാറ്റുപുഴ ആറിൽ നിന്നും വെള്ളം കൊണ്ടുവരുന്ന പ്രധാന പൈപ്പ് സ്ഥിതിചെയ്യുന്ന മറവൻതുരുത്ത് പഞ്ചായത്തിലെ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളും കുടിവെള്ള ക്ഷാമം രൂക്ഷമാക്കുകയാണ്. തുറവൂരിൽ ഒരു വാട്ടർടാങ്ക് ഉണ്ടെങ്കിൽ രണ്ടു പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയും. അടിയന്തരമായി ഇടപെട്ട് ഈ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. 2012-ൽ കമ്മീഷൻ ചെയ്ത ജിക്ക കുടിവെള്ള പദ്ധതിയിലെ തൈക്കാട്ടുശ്ശേരി പ്ലാന്റിൽ നിന്നാണ് അരൂർ നിയോജകമണ്ഡലത്തിൽ കുടിവെള്ള വിതരണം നടത്തുന്നത്. ഈ പദ്ധതിയിൽ തുറവൂർ, കുത്തിയതോട് പഞ്ചായത്തുകളിലൊക്കെ പൊതുവായി ഒരു ഉന്നതതല ജലസംഭരണി മാത്രമാണ് നിലവിലുള്ളത്. തുറവൂർ

പഞ്ചായത്തിൽ ജലസംഭരണി നിർമ്മിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ കുറച്ചുകൂടി കാര്യങ്ങൾ ഭംഗിയായി പോകുമായിരുന്നു. എന്നാൽ അതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കിത്തരാൻ പഞ്ചായത്തിന് കഴിഞ്ഞില്ല. ജിക്കാ പ്രോജക്ടിലും ഞങ്ങൾ ചോദിച്ചു, സ്ഥലം ലഭ്യമാക്കിയില്ല. ജലജീവൻ മിഷൻ പദ്ധതി വന്ന സന്ദർഭത്തിലും അതിനുവേണ്ടി ശ്രമിച്ചിരുന്നു. 15-07-2023-ൽ ഡിപ്പാർട്ടുമെന്റിൽ നിന്ന് ഉറവൂർ ഗ്രാമപഞ്ചായത്തിലേയ്ക്ക് കത്ത് അയച്ചിരുന്നു, അതിനാവശ്യമായ 10 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്, ആവശ്യമായ സ്ഥലം ലഭ്യമാക്കിയാൽ അത് പ്രയോജനപ്പെടുത്താൻ കഴിയും. 5 ദിവസത്തിനകം സ്ഥലം കൈമാറിത്തരണമെന്ന നോട്ടീസും നൽകിയിരുന്നു. ആ സമയത്തിനുള്ളിൽ സ്ഥലം ലഭ്യമാക്കാൻ കഴിയാതെ വന്നതിനാലാണ് പുതിയ ടാങ്ക് നിർമ്മാണം അസാധ്യമായത്. എങ്കിലും അവിടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. ജലസംഭരണിക്ക് ആവശ്യമായ സ്ഥല ലഭ്യത ഉറപ്പുവരുത്താൻ കഴിയാതെ വന്നതാണ് പുതിയ ജലസംഭരണി നിർമ്മിക്കാൻ സാധിക്കാതെ വന്നത്. നിലവിലുള്ള സംഭരണിയിൽ നിന്നും ശുദ്ധജലം വാൽവുകൾ ഉപയോഗിച്ച് നിയന്ത്രിച്ച് എല്ലാ ഭാഗങ്ങളിലും വിതരണം ചെയ്യുന്നതിനുള്ള സംവിധാനത്തിന് ശ്രമിക്കുന്നുണ്ട്. അതോടൊപ്പം ഇരുപതോളം കിലോമീറ്റർ

ദൂരം ഇവിടെ സൂചിപ്പിച്ച അരൂർ മുതൽ തങ്കിക്കവല വരെ പമ്പിംഗ് മെയിനും പ്രധാന വിതരണ ലൈനുകളും ദേശീയപാതയുടെ ഇരുവശങ്ങളിലായാണ് നിലവിലുള്ളത്. ദേശീയ പാതയുടെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് ഇടയ്ക്കിടെ തകരാർ സംഭവിക്കുന്നതുമൂലം ജലവിതരണം തടസ്സപ്പെടാറുണ്ട്. 18-05-2022 മുതൽ 31-01-2024 വരെയുള്ള കാലയളവിൽ പമ്പിംഗ് മെയിനിൽ മാത്രം ഇത്തരത്തിൽ 10 തവണ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആയത് രണ്ട് ദിവസത്തിനുള്ളിൽ പരിഹരിച്ച് ജലവിതരണം പുനസ്ഥാപിക്കാറുണ്ടെങ്കിലും സംഭരണിയിൽ നിന്നും വിദൂര മേഖലകളിലേക്കുള്ള കണക്ഷനുകൾക്ക് ജലമെത്തുന്നതിന് 4-5 ദിവസം വേണ്ടിവരുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. നിയോജകമണ്ഡലത്തിൽ അരൂർ പഞ്ചായത്ത് ഒഴികെ തുറവൂർ, കുത്തിയതോട്, ഓണംതുരുത്ത്, എഴുപുന്ന, അരിക്കുറ്റി, പാണാവള്ളി, പെരുമ്പളം, പള്ളിപ്പുറം, തൈക്കാട്ടുശ്ശേരി പഞ്ചായത്തുകളിൽ 99 ശതമാനം വീടുകളിലും ജലജീവൻ മിഷൻ പ്രോഗ്രാം പ്രകാരം കുടിവെള്ള കണക്ഷൻ ഇതിനോടകം നൽകികഴിഞ്ഞു. അംഗം പറഞ്ഞ വിഷയം ഒന്നുകൂടി ഗൗരവമായി പരിശോധിക്കാം. റോഡു പണിയുമായി ബന്ധപ്പെട്ടുവന്ന വിഷയങ്ങളും പരിശോധിക്കാൻ ആവശ്യമായ നിർദ്ദേശം നൽകാം. നൂറ് ശതമാനവും ജല

വിതരണം ഉറപ്പുവരുത്തുന്നതിന് സാധ്യമായ എല്ലാ കാര്യങ്ങളും ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും.

<u>കടക്കാട്ടുപാറ ആലുങ്കടവിൽ ആർ.സി.ബി. നിർമ്മാണം</u>

<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> സർ, എന്റെ നിയോജകമണ്ഡലത്തിലെ മണ്ണട്ടാംപാറ അണക്കെട്ടിന്റെ കാലപ്പഴക്കം കാരണം സമീപ പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നതിനാൽ പ്രദേശവാസികൾ കുടിവെള്ളത്തിനായി നെട്ടോട്ടമോടുകയാണ്. ഏക്കർ കണക്കിന് കൃഷിയിടങ്ങൾ ഉപ്പുവെള്ളം കയറുന്നതിനാൽ നശിച്ചുകൊണ്ടിരിക്കുകയാണ്. മൂന്നിയൂർ, തേഞ്ഞിപ്പലം, ചേലേമ്പ്ര, വള്ളിക്കുന്ന് എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള സ്രോതസ്സും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിക്കാരുടെ ജലസേചനത്തിനുള്ള ഏക സംവിധാനവുമാണ് ഈ അണക്കെട്ട്. ഇതിന് ശാശ്വത പരിഹാരമായി കടലുണ്ടി പുഴയ്ക്കു കുറുകെ ഇരുമ്പോത്തിങ്ങൽ ആർ.സി.ബി. നിർമ്മാണത്തിന് 2016-17-ൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 36 കോടി രൂപ വകയിരുത്തുകയും 2017-ൽ പദ്ധതിക്ക് കിഫ്ബിയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിക്കുകയും ചെയ്തു. തുടർന്ന് ഐ.ഡി.ആർ.ബി.-യും ഇറിഗേഷൻ വിഭാഗവും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി നിർദ്ദിഷ്ട സ്ഥലം പദ്ധതിക്ക് അനുയോജ്യമല്ലെന്ന് കണ്ടെത്തുകയും തുടർന്ന് ഉന്നതതല സംഘം സ്ഥലം സന്ദർശിച്ച് കടലുണ്ടിപുഴയിൽ അല്പം താഴോട്ട് മാറി കടക്കാട്ടുംപാറ

ആലുംകടവിൽ പദ്ധതിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും ചെയ്തു. ചെറുകിട ജലസേചന വിഭാഗം 49 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ 2017-ൽ ഇരുമ്പോത്തിങ്ങൽ ആർ.സി.ബി. നിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ച 36 കോടി രൂപ കടക്കാട്ടുപാറ ആലുംകടവിൽ ആർ.സി.ബി.-യുടെ നിർമ്മാണത്തിനായി അനുവദിക്കുന്നതിനോടൊപ്പം കടക്കാട്ടുപാറ ആലുംകടവിൽ ആർ.സി.ബി. നിർമ്മാണത്തിന് അധികമായി ആവശ്യമായി വരുന്ന 13 കോടി രൂപകൂടി കിഫ്ബി മുഖേനയോ ജലസേചന വകുപ്പ് മുഖേനയോ കണ്ടെത്തി പദ്ധതിക്ക് ഭരണാനുമതി നൽകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങളെല്ലാം ഇവിടെ സൂചിപ്പിച്ചു. കടക്കാട്ടുപാറ ആലുങ്കടവിൽ റെഗുലേറ്റർ പദ്ധതിക്കുവേണ്ടി 49.20 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. അത് കിഫ്ബിയിലുൾപ്പെടുത്തി അംഗീകാരം നൽകുന്നതിനുവേണ്ടി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഫണ്ട് കിഫ്ബിയിൽനിന്നും ലഭ്യമാകേണ്ടതുണ്ട്. നിലവിൽ ആർ.സി.ബി.-കൾക്ക് ഫണ്ട് അനുവദിക്കുന്നതിന് കിഫ്ബി മാനദണ്ഡപ്രകാരമുള്ള സാമ്പത്തിക പരിധി ഇതിനകം

കഴിഞ്ഞുവെന്നുള്ളതുകൊണ്ടാണ് ഇതിന് താമസംവന്നത്. തീർച്ചയായും അടുത്ത അവസരത്തിൽ അനുയോജ്യമായ രീതിയിൽ ഇത്തരം കാര്യങ്ങൾക്ക് തീരുമാനമെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കടമ്പ്രയാർ മാലിന്യമുക്തമാക്കുന്നതിന് നടപടി

ശ്രീമതി ഉമ തോമസ്: സർ, കിഴക്കമ്പലം-എടത്തല തുടങ്ങി വിവിധ ഭാഗങ്ങളിൽനിന്നും കൈവഴിയായി ഒഴുകി തൃക്കാക്കര നഗരസഭയ്ക്കും പുത്തൻകുരിശ് പഞ്ചായത്തിനും അതിർത്തിയായി ഒഴുകി ചിത്രപ്പുഴയുമായിച്ചേർന്ന് കണിയാംപുഴയായി പിരിഞ്ഞൊഴുകി വേമ്പനാട്ട് കായലിൽ വന്നുചേരുന്ന കടമ്പ്രയാർ, തൃക്കാക്കര നഗരസഭയുടെ പ്രധാന ജലസ്രോതസ്സാണ്. പ്രസ്തുത പുഴയെ ആശ്രയിച്ചാണ് നിരവധി ജനങ്ങളും സ്ഥാപനങ്ങളും നിലനിൽക്കുന്നത്. വീഗാലാൻഡ്, ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി, കിൻഫ്ര, കെ.സി.സി.പി.എൽ., ബ്രഹ്മപുരം ഡീസൽ നിലയമടക്കമുള്ള നിരവധി വ്യവസായ സ്ഥാപനങ്ങൾക്കും വിവിധ ടൂറിസം പദ്ധതികൾ, രാജഗിരി കോളേജ്, സ്കൂൾ തുടങ്ങിയവയ്ക്കെല്ലാം ജലം നൽകാൻ കഴിയുന്ന പുഴയാണിത്. ഈ പുഴയിൽ കുടിവെള്ള പമ്പിംഗ് സ്റ്റേഷനുമുണ്ട്. പ്രസ്തുത പുഴ ഒരുകാലത്ത് ഈ പ്രദേശത്തെ ജനങ്ങളുടെ ജീവധാരയായിരുന്നു. ഇത് കാർഷിക മേഖലയ്ക്കും പ്രയോജനപ്പെട്ടിരുന്നു. എന്നാൽ ഈ പുഴ ഇപ്പോൾ ഏതാണ്ട് മരണാസന്നമായിരിക്കുകയാണ്. നിലവിൽ തൃക്കാക്കരയിലെ

ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നത് 30 കിലോമീറ്റർ ദൂരെയുള്ള പെരിയാറിൽനിന്നാണ്. കിൻഫ്രയിലെ ഒരു വ്യാവസായിക പദ്ധതിക്കുവേണ്ടി പെരിയാറിൽനിന്നും വെള്ളം കൊണ്ടുവരാനുള്ള പദ്ധതിക്കെതിരെ വിവിധ പ്രദേശങ്ങളിൽ ശക്തമായ സമരം നടക്കുന്നുണ്ട്. കാലാവസ്ഥാ മാറ്റത്തിന്റെ ഈ കാലത്ത് സാധാരണ ജനങ്ങൾക്ക് ശുദ്ധജലം കിട്ടാക്കനിയാകുമെന്ന സാഹചര്യത്തിലാണ് കടമ്പ്രയാറിന്റെ പുനരുജ്ജീവനം നിർണ്ണായകമാകുന്നത്. എല്ലാ മാലിന്യങ്ങളും ഏറ്റുവാങ്ങുന്ന വെറും അഴുക്കുചാലായി ഈ പുഴ മാറിയിരിക്കുന്നു. പ്രസ്തുത പുഴയെ മലീമസമാക്കുന്നത് എന്താണെന്നുള്ളത് സംബന്ധിച്ച് കൃത്യമായ പഠനങ്ങൾ ഇനിയും നടക്കേണ്ടതുണ്ട്. ഗാർഹിക മാലിന്യങ്ങളും വ്യാവസായിക മാലിന്യങ്ങളും ഇതിലേയ്ക്ക് ധാരാളമായി ഒഴുകിയെത്തുണ്ട് എന്നതാണ് സത്യം. ഇക്കഴിഞ്ഞ മാർച്ചിൽ ബ്രഹ്മപുരത്തുണ്ടായ അഗ്നിബാധ രണ്ടാഴ്ച നീണ്ടുനിന്നു. അനൗദ്യോഗിക കണക്കനുസരിച്ച് ഒരുലക്ഷം ടൺ പ്ലാസ്റ്റിക്കടക്കമുള്ള മാലിന്യങ്ങൾ അവിടെ കത്തിയമർന്നു. ആ ചാരത്തിൽ ഏറിയ പങ്കും ഒഴുകിയെത്തിയത് കടമ്പ്രയാറിലേയ്ക്കാണ്. ഒരു പ്ലാസ്റ്റിക്ക് കവറുപോലും കത്തിക്കുന്നത് ആപത്താണെന്നിരിക്കെ ......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്......

ശ്രീമതി ഉമ തോമസ്: സർ, എന്തെല്ലാം രാസമാലിന്യങ്ങളാണ് ഇവിടെ

ഒഴുകിയെത്തിയതെന്ന് അറിയാൻ വിശദമായ പഠനം ആവശ്യമുണ്ട്. കടൽവെള്ളം പോലും ശുദ്ധീകരിക്കാൻ ആധുനിക സംവിധാനങ്ങൾ നിലവിലിരിക്കെ കടമ്പ്രയാറിന്റെ ശുദ്ധീകരണം അടിയന്തര പ്രാധാന്യമായി കണക്കിലെടുത്ത് തൃക്കാക്കരയിലും സമീപ പ്രദേശങ്ങളിലും കുടിവെള്ളം കിട്ടാതെ ദുരിതമനുഭവിക്കുന്ന സാധാരണ ജനങ്ങളുടെ ദാഹമകറ്റാൻ സർക്കാർ തയ്യാറാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, തൃക്കാക്കരയിലെ കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. അതോടൊപ്പം കടമ്പ്രയാറിനെ പൂർണ്ണമായി മാലിന്യമുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ള ആവശ്യവും ഉന്നയിച്ചിട്ടുണ്ട്. കിഴക്കമ്പലം, കുന്നത്തുനാട്, തൃക്കാക്കര, പുത്തൻകുരിശ് പഞ്ചായത്തിൽനിന്ന് ഉത്ഭവിച്ച് ചമ്പക്കര കനാലിൽ വന്നുചേരുന്ന 27 കിലോമീറ്റർ നീളമുള്ള ചെറുനദിയാണ് കടമ്പ്രയാർ. എന്നാൽ പ്രളയത്തെത്തുടർന്നും മറ്റുമലിനീകരണത്തിന്റെ ഫലമായും സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ടതിനാൽ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ മലിനീകരിക്കപ്പെട്ട നദികളുടെ പട്ടികയിൽ ഈ നദി ഇടംപിടിച്ചിരിക്കുകയാണ്. കടമ്പ്രയാറിനെ മാലിന്യമുക്തമാക്കുന്നതിനായി എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ ഫണ്ടിന്റെ

ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം താൽക്കാലിക മൺചിറ നിർമ്മിച്ചുകൊണ്ട് ചമ്പക്കര കനാലിൽനിന്നും കടമ്പ്രയാറിലേയ്ക്ക് ഓര് വെള്ളം കയറുന്നത് പ്രതിരോധിച്ചുവരുന്നു. ഓര് വെള്ളം പ്രതിരോധിക്കുന്നതിന് സ്ഥിരം സംവിധാനത്തിനായി കോഴിചിറയ്ക്കു കുറുകെ ലോക്ക്-കം റെഗുലേറ്റർ നിർമ്മിക്കുന്നതിനായി 30 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. കെ.എം.ആർ.എൽ.-ന് കീഴിലുള്ള വാട്ടർ മെട്രോ നാവിഗേഷൻ ലോക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ആവശ്യം ഉന്നയിക്കുന്നുണ്ട്. മൺചിറയ്ക്കുപകരം ഗേറ്റഡ് സംവിധാനം ഏർപ്പെടുത്തുകവഴി പൊഴിയുടെ സ്വഭാവികത ഒരു പരിധിവരെ പുനഃസ്ഥാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കടമ്പ്രയാറിന്റെ മലിനീകരണം നിയന്ത്രിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡുമായി ചേർന്ന് ജലസേചന വകുപ്പ് ഇൻസ്പെക്ഷനുകൾ നടത്തുകയും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനും നദിയുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനുംവേണ്ടിയുള്ള പ്രവൃത്തികൾ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ഓപ്പറേഷൻ വാഹിനിയിൽ ഉൾപ്പെടുത്തി 42.36 ലക്ഷം രൂപയുടെ പ്രവൃത്തികൾ കടമ്പ്രയാറിൽ നടപ്പിലാക്കിയിട്ടുണ്ട്. കിൻഫ്ര, ഇൻഫോ പാർക്ക് കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ, നീറ്റ ജലാറ്റിൻ, ഫിലിംസ് കാർബൺ, വൺടർലാ, കൊച്ചിൻ കടലാസ്

തുടങ്ങിയ ധാരാളം വ്യവസായ കേന്ദ്രങ്ങൾ കടമ്പ്രയാറിന്റെ തീരപ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയുടെ ഏക ജലസ്രോതസ്സാണ് കടമ്പ്രയാർ. കടമ്പ്രയാറിൽനിന്ന് വിവിധ കമ്പനികൾ ജലം ശേഖരിക്കുന്നതുവഴി പ്രതിവർഷം ഏകദേശം 3 കോടി രൂപയോളം സർക്കാർ ഖജാനവിലേയ്ക്ക് ലഭ്യമാകുന്നുണ്ട്. എറണാകുളം ജില്ലയിലെ നദികളിൽനിന്ന് വിവിധ കമ്പനികൾ ജലം ഉപയോഗിക്കുന്ന വകയിൽ സർക്കാരിലേയ്ക്ക് ലഭിക്കുന്ന വെള്ള കരത്തിൽനിന്നുള്ള ഒരു വിഹിതം ഉപയോഗപ്പെടുത്തി നദികളുടെ പുനരുജ്ജീവനത്തിനും ആർച്ചകളുടെ നടത്തിപ്പിനും ഓരുജല പ്രതിരോധനത്തിനുമായി വാർഷികാടിസ്ഥാനത്തിൽ കർമ്മ പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി വർഷംതോറും നടപ്പിലാക്കേണ്ട പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി സർക്കാർ ലഭ്യമാക്കിയ 5.20 കോടി രൂപയുടെ പ്രൊപ്പോസലിൽ കടമ്പ്രയാർ, ചിത്രപ്പുഴ, ഇടച്ചിറത്തോട് എന്നിവ നിശ്ചിത കാലയളവിൽ വൃത്തിയാക്കുന്നതിനായി 50 ലക്ഷം രൂപയുടെ പ്രവൃത്തികൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കുടിവെള്ളക്ഷാമമാണ് പ്രധാന വിഷയം. വെള്ളത്തിന്റെ അളവ് കുറവ് കൊച്ചിയിൽ അനുഭവപ്പെടുന്നുണ്ട്. അത് പരിഹരിക്കുന്നതിനായി ആലുവയിലെ 190 എം.എൽ.ഡി. പ്ലാന്റ് കൊണ്ടുവരിക എന്നുള്ളതുമാത്രമാണ് നമ്മുടെ മുമ്പിലുള്ളത്.

അതിനുവേണ്ടിയുള്ള തീവ്രശ്രമം നടത്തിവരുന്നുണ്ട്. കടമ്പ്രയാർ മാലിന്യ മുക്തമാക്കുന്നതിനായി, വ്യാവസായികമായി ഇത്രയും മുൻതൂക്കമുള്ള പ്രദേശമെന്ന രീതിയിലും ആ കമ്പനികളുടെയെല്ലാം സി.എസ്.ആർ. ഫണ്ടും കൂടി പ്രയോജനപ്പെടുത്താം. ഇതൊരു സാമൂഹിക പ്രശ്നമായി മാറുകയാണ്. ഗവൺമെന്റിന് ലഭ്യമായ ഫണ്ടും അവരുടെ സി.എസ്.ആർ. ഫണ്ടുംകൂടി ലഭ്യമാക്കി ഇത്തരം കാര്യങ്ങളിൽ ത്വരിതഗതിയിൽ കാര്യങ്ങൾ മുന്നോട്ട് നടത്താൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

## കരിമ്പന സംരക്ഷണം

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, നെയ്യാറ്റിൻകര താലൂക്കിലെ സാമ്പത്തികരംഗം സംരക്ഷിച്ചിരുന്ന ഒരുകാലം പനയ്ക്കും പനകയറ്റ തൊഴിലാളികൾക്കുമുണ്ടായിരുന്നു. കരിപ്പെട്ടിക്ക് ന്യായവില ലഭിക്കാത്തതും പനകയറ്റ തൊഴിലാളിക്ക് മിതമായ വരുമാനം ലഭിക്കാത്തതുമായ ഘട്ടത്തിലാണ് അവരുടെ ഉന്നമനത്തിനായി ദി ട്രിവൻട്രാം ഡിസ്ട്രിക്റ്റ് പാം പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ്, പാറശ്ശാല എന്ന പേരിൽ ഖാദി ഗ്രാമവ്യവസായ ബോർഡിനുകീഴിൽ ഒരു സഹകരണ സ്ഥാപനം രൂപീകരിച്ചത്. 1974-മുതൽ അതിന്റെ പ്രവർത്തനം നടന്നുവന്നു. ഇന്ന് പ്രസ്തുത സംഘം തകർച്ചയിലാണ്. പല കാരണങ്ങളാൽ പനവൃക്ഷം നട്ടുവളർത്താൻ കഴിയാതെ അന്യംനിന്നുപോകുന്ന

അവസ്ഥയിലാണ്. നിലവിൽ ആവശ്യാനുസരണം അക്കാനി ലഭിക്കാത്തതിനാൽ ഭാഗികമായി കരിപ്പെട്ടി ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തിവരുന്നുണ്ട്. 1985 മുതൽ പാംഗോള എന്ന പേരിൽ സോഫ്റ്റ് ഡ്രിങ്ക്സ് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തി വരുന്നു. ശാസ്ത്രസാങ്കേതിക രംഗത്തെ മാറ്റം കൃഷിയിലും വ്യവസായരംഗത്തും വലിയ മാറ്റങ്ങൾ വരുത്തി. പരാമ്പരാഗത മേഖലയിൽ വന്ന പ്രതിസന്ധി പനമരം ഉൽപ്പന്ന വ്യവസായത്തിലും കൃഷിയിലും പ്രതിസന്ധി സൃഷ്ടിച്ചു. ഏറ്റവും പോഷകസമ്പുഷ്ടമായ അക്കാനി, കരിപ്പെട്ടി, പനംകൽക്കണ്ടം എന്നിവ അന്യംനിന്നുപോകാതിരിക്കാൻ പൊക്കം കുറഞ്ഞ ടിx ഡി വ്യാപകമാക്കാൻ കഴിയും. ആൺ-പെൺ പന വേർതിരിക്കണം. പെൺപനയിൽനിന്നും അക്കാനി, നൊങ്ക്, പനംകിഴങ്ങ് എന്നിവ കൂടുതൽ ലഭിക്കും. വ്യാപകമായ തോതിൽ കൃഷി ആരംഭിക്കാൻ കഴിഞ്ഞാൽ അതിൽനിന്നും സമ്പുഷ്ടമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കാം. പന കൃഷി വേലിയായി ഉപയോഗിച്ചാൽ കാട്ടുമൃഗങ്ങളുടെ അക്രമണം തടയാൻ കഴിയും. ബയോഫെൻസിംഗിനും നന്നായി ഉപയോഗിക്കാൻ കഴിയുന്നതാണ്. മണ്ണൊലിപ്പ് തടയുന്നതിന് വ്യാപകമായി കൃഷി ചെയ്താൽ കടൽതീരശോഷണംപോലും തടയാൻ കഴിയും. ഏത് കാലാവസ്ഥയിലും പന മരം വളരും. കാർഷിക സർവ്വകാലശാല പീച്ചി വനഗവേഷണ കേന്ദ്രം, കേരള ഖാദി ഗ്രാമ വ്യവസായ

ബോർഡ്, ശാസ്ത്ര സാങ്കേതിക കൗൺസിൽ, പാപ്പനംകോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് ഈ വ്യവസായത്തെ സംരക്ഷിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ബഹുമാന്യനായ അംഗം ഉന്നയിച്ചിട്ടുള്ളത്. വ്യവസായ വകുപ്പിന്റെ കീഴിലെ കെൽപാം - കരിമ്പന മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഉന്നമനവും കരിമ്പനയിൽനിന്ന് ലഭ്യമാകുന്ന നൊങ്ക് ഉപയോഗിച്ചിട്ടുള്ള വിവിധ പാനീയങ്ങൾ അക്കാനി, അക്കാനിയിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന പനംകരിപ്പെട്ടി, പനംകൽക്കണ്ടം മറ്റ് വൈവിധ്യമേറിയതും ആരോഗ്യദായകവുമായ അനുബന്ധ ഉൽപ്പനങ്ങളുടെയും പനവേര് മുതൽ പനവൃക്ഷത്തിന്റെ വിവിധ ഭാഗങ്ങൾവരെ ഉപയോഗിച്ചുകൊണ്ടുള്ള ഫർണിച്ചർ, കരകൗശല ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണനത്തിലൂടെ പരമ്പരാഗത തൊഴിൽ മേഖലയെ പുഷ്ടിപ്പെടുത്തുന്നതാണ് കെൽപാം-ന്റെ സ്ഥാപിത ലക്ഷ്യം. നിലവിൽ രണ്ട് യൂണിറ്റുകളാണ് പ്രസ്തുത സ്ഥാപനത്തിനുള്ളത്. അത് തിരുവനന്തപുരത്തും പാലക്കാടുമാണുള്ളത്.

കെൽപാം കരിമ്പന ഉൽപ്പന്ന വികസന മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമവും കരിമ്പന ഉൽപ്പന്ന വികസനവും മുൻനിർത്തിയാണ് സ്ഥാപിച്ചിട്ടുള്ളത്. കരിമ്പന മരങ്ങളുടെ സംരക്ഷണം ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചതുപോലെ സംസ്ഥാനത്ത് ഉടനീളം കരിമ്പന തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സർക്കാർ ഓഫീസുകളിലും ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലും പനമരം തൈകൾ നടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാറശ്ശാല ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി പോളിക്ലിനിക്ക് ക്യാമ്പസിലെ പനമരം പരിപാലിക്കുന്നതിനോടൊപ്പം അതിന്റെ മേലാദായം കൃത്യമായി വർഷാവർഷം ലേലം ചെയ്ത് പൊതുജനങ്ങൾക്ക് ഉപകരപ്രദമായ രീതിയിൽ സംരക്ഷിച്ചുവരുന്നുണ്ട്. ഈ പ്രദേശത്ത് റെയിൽവേ വികസവുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് പൂർത്തിയാകുമ്പോൾ ബിഗ്ബ്രീഡിംഗ് യൂണിറ്റ് കോമ്പണ്ടിൽ ചില പനമരങ്ങൾ മുറിച്ചുമാറ്റേണ്ട സാഹചര്യം നിലവിലുണ്ട്. കെൽപാം-ന്റെ സ്വന്തം ഭൂമിയിൽനിൽക്കുന്ന 50-ൽപ്പരം കരിമ്പന മരങ്ങൾ യഥാസമയം വൃത്തിയാക്കി പരിപാലിച്ചുവരുകയും അക്കാനി, നൊങ്ക് തുടങ്ങിയ വിഭവങ്ങളുടെ ശേഖരണവും വിപണനവും ആരംഭിക്കാനുള്ള നടപടിക്രമങ്ങളിലുമാണ്. കൂടാതെ പനയോല, പനനാര് പന ഈർക്കിൽ

കൊണ്ടുള്ള ജൈവസൗഹൃദ കരകൗശല ഉൽപ്പന്നങ്ങളുടെ പരിപാലനവും പരിശീലനവും നിർമ്മാണവും ലക്ഷ്യമാക്കിയുള്ള നടപടികളും എടുത്തുവരുന്നു.

<u>ആർ.സി. ബുക്കും ലൈസൻസും ലഭ്യമാകുന്നതിലെ കാലതാമസം</u>

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. നമ്മളെല്ലാവരും വാഹനം ഉപയോഗിക്കുന്നവരാണ്. അങ്ങനെയുള്ളപ്പോൾ നമ്മുടെ മക്കളും സഹോദരിമാരും ഭാര്യമാരും ഡ്രൈവിംഗ് പഠിച്ച് ലൈസൻസിനായി അപേക്ഷിക്കും, അതുപോലെതന്നെ പുതിയ വാഹനം വാങ്ങുമ്പോൾ അത് രജിസ്റ്റർ ചെയ്യുകയും ചെയ്യും. അടുത്തകാലത്തായി നമ്മുടെ സംസ്ഥാനത്ത് വാഹനം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ആർ.സി. ബുക്ക് (Registration Certificate) നൽകുന്നില്ല, ലൈസൻസും നൽകുന്നില്ല. കാര്യങ്ങളുടെ പോക്ക് എങ്ങോട്ടേയ്ക്കാണ്? ആർ.സി. ബുക്കിനുള്ള അപേക്ഷാഫീസ് 200/- രൂപയും അത് അയച്ചുതരുന്നതിന് പോസ്റ്റൽ ചാർജ്ജായി 45/- രൂപയും ലൈസൻസിനുള്ള അപക്ഷാ ഫീസായി 200/- രൂപയും അതിന്റെ പോസ്റ്റൽ ചാർജ്ജായി 45/- രൂപയും സർക്കാർ വാങ്ങുന്നുണ്ട്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ ഞാൻ കുറ്റം പറയില്ല, അദ്ദേഹം മന്ത്രിയായി സ്ഥാനമേറ്റെടുത്തിട്ട് ഏകദേശം ഒരു

മാസമാകുന്നതല്ലേയുള്ളൂ, അദ്ദേഹം ആ സ്ഥാനത്ത് നേരത്തേയുണ്ടായിരുന്നെങ്കിൽ ഇങ്ങനെയൊരു അവസ്ഥ ഉണ്ടാകില്ലെന്ന് എനിക്ക് നൂറ് ശതമാനം ഉറപ്പാണ്. ഞാൻ സൂചിപ്പിച്ച കാര്യങ്ങൾ ചെയ്യുന്നതിനുള്ള ചുമതല ഒരു ഏജൻസിക്കാണ്. ആർ.സി. ബുക്കും ലൈസൻസും അപേക്ഷിച്ച ഓഫീസിൽനിന്നുതന്നെ കഴിഞ്ഞകാലങ്ങളിൽ ലഭിച്ചിരുന്നതെങ്കിൽ നമ്മുടെ ലൈഫ് പദ്ധതിയെപ്പോലെ ഇപ്പോൾ അവയുടെ വിതരണം കേന്ദ്രീകൃതമാക്കി. അങ്ങനെ വിതരണം കേന്ദ്രീകൃതമാക്കിയപ്പോൾ ഏജൻസിക്ക് 9-10 കോടി രൂപയോളം നൽകാൻ അവശേഷിക്കുന്നതിനാൽ. അവർ ആർ.സി. ബുക്ക് നൽകാൻ തയ്യാറാകുന്നില്ല. ഇതുകൊണ്ടുണ്ടാകുന്ന വലിയ പ്രയാസങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങൾ മനസിലാക്കേണ്ടതുണ്ട്. ഇവിടെ രജിസ്ട്രേഷനുള്ള ഒരു വാഹനം സംസ്ഥാന അതിർത്തി കടന്ന് പോകുകയാണെങ്കിൽ, ഉദാഹരണത്തിന് കാസർഗോഡുള്ള ഒരു വാഹനം അതിർത്തികടന്ന് കർണ്ണാടക സംസ്ഥാനത്തേയ്ക്ക് പ്രവേശിക്കുമ്പോൾ അവിടെ വാഹനപരിശോധനയുണ്ടാകും, അവിടെ നമ്മുടെ കൈയിൽ ആർ.സി. ബുക്ക് ഇല്ലെങ്കിൽ പതിനായിരത്തിലധികം രൂപ പിഴയായി നൽകേണ്ടിവരും. നമ്മുടെ കൈയിൽ ആകെയുള്ളത് ഒരു പ്രിന്റഡ് കോപ്പി മാത്രമാണ്. ലൈസൻസ് ഇല്ലെങ്കിലോ? വാഹനം അവിടുത്തെ സ്റ്റേഷനിൽ

പിടിച്ചുവയ്ക്കും. തമിഴ്നാട്ടിലേയ്ക്കുള്ള യാത്രയും ഇതുപോലെതന്നെയാണ്. ലക്ഷക്കണക്കിന് ആളുകൾക്ക് ആർ.സി. ബുക്കും ലൈസൻസും ലഭിക്കാനുണ്ട്, സങ്കീർണ്ണമായ ഈ അവസ്ഥയെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ഭരണപക്ഷത്തുള്ളവർ ബഹളം വയ്ക്കാതിരിക്കൂ, കാര്യങ്ങൾ മനസിലാക്കൂ, യാഥാർത്ഥ്യം എന്താണെന്ന് മനസിലാക്കൂ. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇടപെട്ട് അടിയന്തരമായി ആർ.സി. ബുക്കും ലൈസൻസും നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് കേരളത്തിലെ ജനങ്ങൾക്കും വാഹന ഉടമകൾക്കും ഡ്രൈവിംഗ് ലൈസൻസ് എടുത്തുവച്ചിരിക്കുന്ന സാധാരണ ചെറുപ്പക്കാർക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോട് അപേക്ഷിക്കാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>): സർ, കഴിഞ്ഞ നവംബർ അവസാനവാരം മുതൽ സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (RC) എന്നിവയുടെ അച്ചടിയും വിതരണവും മുടങ്ങിയിരിക്കുകയാണ്. നേരത്തേ അച്ചടിച്ച വകയിൽ നൽകാനുള്ള കുടിശ്ശിക തുക നൽകാത്തതാണ് അച്ചടി മുടങ്ങാൻ കാരണം. ഏകദേശം 3,80,000 ആർ.സി. ബുക്കുകളും 3,50,000 ലൈസൻസുകളും അച്ചടിച്ചുനൽകാൻ കുടിശ്ശികയുണ്ട്. 2023 ആഗസ്റ്റ് മാസം മുതൽ ഡിസംബർ മാസം വരെയുള്ള കാലയളവിലേയ്ക്ക് 8,66,07,473/- രൂപ

കുടിശ്ശികയിനത്തിൽ ഐ.ടി.ഐ. ലിറ്റിറ്റഡ്, ബാംഗ്ലൂർ, എന്ന കമ്പനിക്ക് നൽകാനുണ്ട്. ആയതിലേയ്ക്ക് 15 കോടി രൂപ അനുവദിക്കണമെന്ന ഗതാഗത കമ്മീഷണറുടെ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. ഈ സ്ഥിതിവിശേഷം വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇവിടെനിന്നും തമിഴ്നാട്ടിലേയ്ക്ക് യാത്രപോയ ഒരു ഡോക്ടറുടെ വാഹനം അപകടത്തിൽപ്പെടുകയും ഒരാൾ മരിക്കുകയും ചെയ്തത് വലിയ വിഷയമായിത്തീർന്നിരുന്നു. അവസാനം ഗവൺമെന്റ് ഇടപെട്ട് ആർ.സി. ബുക്കും ലൈസൻസുമുണ്ടെന്ന് പ്രത്യേകമായി എഴുതി കൊടുക്കേണ്ടിവന്നു. ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യങ്ങൾ അതേ വികാരത്തിൽത്തന്നെ ഉൾക്കൊള്ളുന്നു, തീർച്ചയായും ഇക്കാര്യത്തിൽ പരിഹാരമുണ്ടാകും. ബഹുമാന്യരായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇക്കാര്യങ്ങളിൽ ഇടപെട്ടിട്ടുണ്ട്, ഏതാനും ദിവസങ്ങൾക്കുള്ളിൽ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കുകയും പ്രിന്റിംഗ് തുടങ്ങിയാൽ മൂന്നോ-നാലോ ആഴ്ചക്കുള്ളിൽ വിതരണം ചെയ്യുന്നതുമാണ്, അതിനുശേഷം ധനകാര്യ വകുപ്പിനെ വീണ്ടും ഇക്കാര്യത്തിൽ ബുദ്ധിമുട്ടിക്കില്ല. പ്രിന്റ് ചെയ്തുകഴിഞ്ഞ ഉടനെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം സജീവമാകും, തപാൽ വകുപ്പ് അവരുടെ പണത്തിന് ആവശ്യപ്പെടും. അത്തരം

കുഴപ്പങ്ങളുണ്ടാകാതിരിക്കാൻ അങ്ങ് പറഞ്ഞപോലെ, അച്ചടിച്ചുകഴിയുന്ന മുഴുവൻ ആർ.സി, ലൈസൻസുകൾ അതത് ആർ.ടി. ഓഫീസുകളിലേയ്ക്ക് അടിയന്തരമായി എത്തിച്ചുകൊടുത്ത് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കും, പോസ്റ്റൽ സംവിധാനത്തിൽക്കൂടി വിതരണം ചെയ്യുമ്പോഴുണ്ടാകുന്ന കാലതാമസം ഒഴിവാക്കും. പ്രിന്റിംഗ് ആരംഭിച്ചാൽ അതത് ആർ.ടി. ഓഫീസുകളിലേയ്ക്ക് എല്ലാദിവസവും ഇവ എത്തിക്കും. എത്തുന്നമുറയ്ക്ക് അവിടെചെന്ന് ലൈസൻസ് ഹോൾഡർക്കോ, അയാളുടെ ഭാര്യ, മക്കൾ എന്നിവർക്കോ ചുമതലപ്പെടുത്തിയ വ്യക്തിക്കോ രക്തബന്ധുവിനോ അംഗീകൃത തിരിച്ചറിയൽ കാർഡ് കാണിച്ചശേഷം രേഖകൾ കൈപ്പറ്റാവുന്നതാണ്, എന്നാൽ ഏജന്റുമാരുടെ കൈവശം രേഖകൾ നൽകില്ല. പ്രിന്റിംഗ് തുടങ്ങിക്കഴിഞ്ഞാൽ ആർ.ടി. ഓഫീസിൽനിന്നും അങ്ങ് പറഞ്ഞപോലെതന്നെ രേഖകൾ ലഭ്യമാകും.

## വിദേശ രാജ്യങ്ങളിൽ എം.ബി.ബി.എസ്. പൂർത്തിയാക്കിയവർക്ക് ആനുകൂല്യം

ഡോ. കെ. ടി. ജലീൽ: സർ, സബ്മിഷൻ രൂപത്തിൽ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത് കേരളത്തിൽ മൊത്തമായി നേരിടുന്ന ഒരു വിഷയമാണ്. പല വിദേശ രാജ്യങ്ങളിൽനിന്നും എം.ബി.ബി.എസ്. ബിരുദം നേടി വരുന്നവർ ഇന്ത്യയിൽ പ്രാക്ടീസ് ചെയ്യണമെങ്കിൽ FMGE (Foreign

Medical Graduates Examination) എഴുതി പാസാകണമെന്ന വ്യവസ്ഥയുണ്ട്, അത് വളരെ നല്ല കാര്യമാണ്. അതുകൊണ്ടുതന്നെ 100 പേർ വിദേശ രാജ്യങ്ങളിൽനിന്നും മെഡിക്കൽ ബിരുദം സമ്പാദിക്കുമ്പോൾ അതിൽ 15-20 പേരിൽക്കൂടുതൽ FMGE പരീക്ഷ പാസാകാറില്ല. പ്രസ്തുത പരീക്ഷ എം.ബി.ബി.എസ്.-ന് സമാനമായ ഒരു പരീക്ഷയാണ്. അതിൽ ഉൾക്കൊള്ളിക്കുന്നത് വളരെ കാഠിന്യമേറിയ ചോദ്യങ്ങളാണ്. അങ്ങനെ പാസാകുന്ന 15-20% കുട്ടികൾക്ക് ഹൗസ് സർജൻസി ചെയ്യണമെങ്കിൽ ഒരു മാസം 10,000/- രൂപ അടയ്ക്കേണ്ടതുണ്ട്. അപ്പോൾ 12 മാസം ഹൗസ് സർജൻസി ചെയ്യണമെങ്കിൽ 1,20,000/- രൂപ അവർ അടയ്ക്കേണ്ടുന്ന അവസ്ഥയുണ്ട്. എം.ബി.ബി.എസ്. ബിരുദം കഴിഞ്ഞ് ഹൗസ് സർജൻസിക്ക് ചേരുമ്പോൾ ഏതൊരു ഡോക്ടർ/മെഡിക്കൽ വിദ്യാർത്ഥി സ്വന്തമായി 10 രൂപയെങ്കിലും വേതനമായി ലഭിക്കണമെന്ന് ആഗ്രഹിക്കും, എന്നാൽ ഇത്തരത്തിലുള്ളവർക്ക് വേതനം ലഭ്യമാകുന്നില്ല. തൊഴിലുറപ്പ് ജോലി ചെയ്യുന്നവർക്ക് നൽകുന്ന തുകയെങ്കിലും അവർക്ക് നൽകണം. FMGE പരീക്ഷ പാസായ വിദേശ എം.ബി.ബി.എസ്. ബിരുദധാരികളും വിവിധ മെഡിക്കൽ കോളേജുകളിൽ യാതൊരുവിധ സ്റ്റൈപ്പന്റും ലഭ്യമാകാതെ, ഏകദേശം 1,20,000/- രൂപ അടച്ചുകൊണ്ട് ജോലിചെയ്യുന്ന സാഹചര്യം ഒഴിവാക്കണം, വളരെ ന്യായമായ ഒരാവശ്യമാണ്. നമ്മുടെ

സംസ്ഥാനത്തുനിന്നും എം.ബി.ബി.എസ്. പാസാകുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകളിലേതുൾപ്പെടെയുള്ള കുട്ടികൾക്ക് 25,000/- അല്ലെങ്കിൽ 35,000/- രൂപ അവർ ജോലിയെടുക്കുന്ന ഓരോ മാസവും സ്റ്റൈപ്പന്റ് എന്ന രീതിയിൽ അവർക്ക് ശമ്പളം ലഭ്യമാക്കുമ്പോൾ എം.ബി.ബി.എസ്. -ന് സമാനമായ FMGE പരീക്ഷ പാസായവരും വിദേശ രാജ്യങ്ങളിൽനിന്നും എം.ബി.ബി.എസ്. ബിരുദം സമ്പാദിച്ചവരുമായ കുട്ടികൾക്കും ഹൗസ് സർജൻസി കാലയളവിൽ യാതൊരു തുകയും നൽകാത്ത അവസ്ഥയാണുള്ളത്. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി 1,20,000/- രൂപ അടയ്ക്കണമെന്ന നിബന്ധന ഒഴിവാക്കുകയും ഒരു ചായ കുടിക്കുന്നതിനും സ്ഥാപനത്തിലേയ്ക്ക് പോകുന്നതിനുള്ള വണ്ടിക്കൂലിക്കും ഉതകുന്ന തരത്തിലെങ്കിലും ഒരു തുക നൽകുന്നതിനുള്ള സാഹചര്യം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വിദേശ രാജ്യങ്ങളിൽനിന്നും എം.ബി.ബി.എസ്. പൂർത്തിയാക്കിയ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പ് അനുവദിക്കുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച 08-02-2023-ലെ സർക്കാർ ഉത്തരവിന്റെ

അടിസ്ഥാനത്തിൽ  നിലവിൽ 328 സീറ്റുകളിൽ FMG (Foreign Medical Graduate) വിദ്യാർത്ഥികൾ സംസ്ഥാനത്തെ  മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പ് ചെയ്തുവരുന്നുണ്ട്. പ്രസ്തുത വിദ്യാർത്ഥികളിൽനിന്നും ഇന്റേൺഷിപ്പ് ഫീസിനത്തിൽ തുകയൊന്നും ഈടാക്കുന്നില്ല. കൂടാതെ, ആരോഗ്യ വകുപ്പിന് കീഴിലെ ജില്ലാ ആശുപത്രികളിൽ ഏകദേശം അറുന്നൂറിലധികം FMG വിദ്യാർത്ഥികൾ ഇന്റേൺഷിപ്പ് ചെയ്യുന്നുണ്ട്. മാത്രമല്ല, ഓരോ വർഷവും ഇന്റേൺഷിപ്പിനായി കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. നാഷണൽ മെഡിക്കൽ കമ്മീഷന്റെ 07-12-2023-ലെ പബ്ലിക് നോട്ടീസ് പ്രകാരം മെഡിക്കൽ പഠനത്തിന്റെ അവസാന വർഷം അല്ലെങ്കിൽ  അവസാന വർഷത്തിന് തൊട്ടുമുമ്പ് കോവിഡ് അല്ലെങ്കിൽ യുദ്ധംമൂലം ഇന്ത്യയിലേയ്ക്ക് മടങ്ങുകയും തുടർന്ന് ഓൺലൈൻ വഴി വിദ്യാഭ്യാസം നേടുകയും ചെയ്ത വിദേശ മെഡിക്കൽ വിദ്യാർത്ഥികൾക്ക് യഥാക്രമം ഒരു വർഷത്തെ അല്ലെങ്കിൽ രണ്ട് വർഷത്തെ clinical clerkship നിർബന്ധമാക്കിയിട്ടുണ്ട്.  ഓൺലൈൻ പഠനം ആശ്രയിക്കേണ്ടി വന്ന വിദ്യാർത്ഥികൾക്കും ക്ലിനിക്കൽ പരിശീലനത്തിന് അവസരം ലഭിക്കാത്തവർക്കും രണ്ട് വർഷം വരെ clinical clerkship ആവശ്യമായി വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത് നാഷണൽ

മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശമാണ്. കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ അദ്ധ്യാപകരുടെ കീഴിലാണ് ഈ പരിശീലനം നൽകി വരുന്നത്. പ്രസ്തുത വിദ്യാർത്ഥികളെ പരിശീലനത്തിന് പ്രവേശിപ്പിക്കുന്നതിന് സർക്കാർ മെഡിക്കൽ കോളേജുകളിൽ മതിയായ സീറ്റുകളും സൗകര്യങ്ങളും ലഭ്യമല്ലാത്ത സാഹചര്യത്തിൽ എൻ.എം.സി. ഒരു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 7.5% സീറ്റുകളെന്ന് നിഷ്കർഷിച്ചിട്ടുണ്ട്, ഇവിടെ 328 സീറ്റുകളിൽ ഇന്റേൺഷിപ്പ് ചെയ്യുന്നുണ്ടെന്ന് പറയുമ്പോൾ എൻ.എം.സി. കമ്മീഷൻ നിഷ്കർഷിക്കുന്ന ശതമാനത്തിനടുത്തെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളുടെകൂടി സഹകരണത്തോടുകൂടി മാത്രമേ പരിശീലനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്. സ്വാശ്രയ മെഡിക്കൽ കോളേജ് അധികൃതരുമായി ചർച്ചകൾ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം പരിശോധിക്കുന്നതാണ്.

## കിഫ്ബി പദ്ധതിയിലൂടെയുള്ള റോഡ് നവീകരണം

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പയ്യന്നൂർ നിയോജകമണ്ഡലത്തിലെ രണ്ട് റോഡുകൾ പ്രവൃത്തി പഥത്തിലെത്തിക്കണമെന്നതാണ് എന്റെ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അതിലൊന്ന്, വെള്ളൂർ-പാടിയോട്ടുചാൽ റോഡും രണ്ടാമത്തേത്, എട്ടിക്കുളം

നേവൽ അക്കാദമി ഗേറ്റിൽനിന്ന് പാലക്കോട് വരെയുള്ള റോഡുമാണ്. ഏഴിമല നേവൽ അക്കാദമിയുടെ കിഴക്കേ ഗേറ്റ് മുതലുള്ള റോഡ് ട്രാഫിക് വളരെ കുറവാണെന്ന പേരിലാണ് കിഫ്ബി പ്രവൃത്തി ഏറ്റെടുക്കാൻ കഴിയില്ലെന്ന നിലപാട് കൈക്കൊണ്ടിട്ടുള്ളത്. ദേശീയ പ്രാധാന്യമുള്ള ഏഷ്യയിലെത്തന്നെ ഏറ്റവും വലിയ നാവിക അക്കാദമിയാണ് ഏഴിമലയിലുള്ളത്. ഈ റോഡ് കടന്നുപോകുന്ന മേഖല ഏറ്റവും സുന്ദരമായ ബീച്ചും ചരിത്രപ്രസിദ്ധമായ ഉറൂസും നടക്കുന്ന എട്ടിക്കുളത്തെ ഏറ്റവും പ്രധാനപ്പെട്ട ആരാധനാ കേന്ദ്രങ്ങളും നേവൽ അക്കാദമിയുടെ ഭാഗമായുള്ള ലൈറ്റ് ഹൗസും ഉൾപ്പെടെ ജനങ്ങൾ ഒഴുകിയെത്തുന്ന കേന്ദ്രങ്ങളുള്ളതാണ്. പ്രദേശത്തിന്റെ ദേശീയ പ്രാധാന്യം കണക്കിലെടുത്ത് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആ റോഡ് യാത്രാസൗകര്യമുള്ളതാക്കി മാറ്റണമെന്നുള്ളതാണ് പ്രധാനപ്പെട്ട ആവശ്യം. രണ്ടാമത്തെ കാര്യം, ദേശീയപാതയിൽനിന്ന് ആരംഭിച്ച് മലയോര ഹൈവേയിൽ എത്തിച്ചേർന്ന് കർണ്ണാടക അതിർത്തി വരെ പോകുന്നതാണ് വെള്ളൂർ-പാടിയോട്ടുചാൽ റോഡ്. സി.ആർ.പി.എഫ്. പരിശീലനകേന്ദ്രം, ഗവൺമെന്റ് കോളേജ്, ഐ.ടി.ഐ., താലൂക്കാശുപത്രി എന്നിവിടങ്ങളിലേയ്ക്കെല്ലാം എത്തിച്ചേരുന്നതിന് ജനങ്ങൾ ആശ്രയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡാണിത്. ഈ റോഡ് കിഫ്ബിയുടെ പട്ടികയിലുണ്ടെങ്കിലും അത്

യാഥാർത്ഥ്യമാകുന്നില്ലെന്നതാണ് ഇപ്പോഴത്തെ സ്ഥിതി. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിലിടപെട്ട് അടിയന്തരമായി റോഡുകളുടെ പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, രണ്ട് റോഡുകളുടെ കാര്യമാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ചത്. അതിൽ വെള്ളൂർ-പാടിയോട്ടുചാൽ റോഡ് സി.ആർ.എഫ്.-ലും സംസ്ഥാന ബഡ്ജറ്റിലും ഉൾപ്പെടുത്തി വിവിധ ഘട്ടങ്ങളിലായി 7 മീറ്റർ കാരേജ്‌വേയിൽ BM & BC നിലവാരത്തിൽ വികസിപ്പിച്ചിരുന്നു. പ്രസ്തുത റോഡിന്റെ 0/15 മുതൽ 15/15 വരെയുള്ള ഭാഗം സി.ആർ.എഫ്. പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ച പ്രവർത്തികൾ ഡിഫക്ട് ലയബിലിറ്റി പീരിയഡിൽ ഉൾപ്പെടുത്തിയതിനാൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുനരുദ്ധരിക്കുന്നതിനുള്ള ഡി.പി.ആർ. നിർവ്വഹണ ഏജൻസിയായ കിഫ്ബിക്ക് സമർപ്പിച്ചിരുന്നില്ല. എന്നാൽ നിലവിൽ ഈ ഭാഗത്തിന്റെ ഡിഫക്ട് ലയബിലിറ്റി പീരിയഡ് കഴിഞ്ഞതിനാൽ ഈ റോഡ് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുന്നതിന്

അനുമതി ആവശ്യപ്പെട്ടുകൊണ്ട് കെ.ആർ.എഫ്.ബി. കണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് പ്രോജക്ട് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്തി നിർവ്വഹണ ഏജൻസി ഡി.പി.ആർ. സമർപ്പിക്കുന്ന മുറയ്ക്ക് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി കമ്മിറ്റികളുടെ എക്സിക്യൂട്ടീവ് ജനറൽ ബോഡി കമ്മിറ്റികളുടെ അംഗീകാരത്തിന് സമർപ്പിച്ച് പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിക്കുന്നതാണ്.

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മാടായി എട്ടിക്കുളം-എച്ച്.എസ്. പാലക്കോട് റോഡ് പ്രവൃത്തിയുടെ ആദ്യഘട്ടമായി വേങ്ങര റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് കിഫ്ബി 20.84 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. ഇതിൻപ്രകാരം 75 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ രണ്ടാം ഘട്ടമായ നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. കിഫ്ബിക്ക് സമർപ്പിച്ചിരുന്ന റോഡ് പ്രവൃത്തിയുടെ ഡി.പി.ആർ. അവലോകനം നടത്തിയപ്പോൾ ട്രാഫിക് വളരെ കുറവാണെന്ന് കണ്ടതിനാൽ പ്രസ്തുത പ്രവൃത്തി തൽക്കാലത്തേയ്ക്ക് മാറ്റി വയ്ക്കുന്നതായി നിർവ്വഹണ ഏജൻസി 26-10-2022-ലെ കത്ത് മുഖേന അറിയിച്ചിരുന്നു. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച

പ്രശ്നങ്ങളുടെകൂടി അടിസ്ഥാനത്തിൽ നിർമ്മാണം തുടരുന്നതിനാവശ്യമായ സാധ്യതകൾ പരിശോധിക്കാം.